2023
MAY
20
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കടുത്ത സാമ്പത്തിക ബാധ്യതയിൽ സപ്ലൈകോ




**പാലക്കാട് :** കോവിഡ് കാലത്തെ അതിജീവന കിറ്റ് മുതൽ മാവേലി സ്റ്റോറുകളിൽ സബ്സിഡി ഉൽപന്നങ്ങൾ വിതരണം ചെയ്തതിൽ വരെ വിവിധ വകുപ്പുകൾ കടം പറഞ്ഞതോടെ സപ്ലൈകോയ്ക്കു സർക്കാരിൽ നിന്നു കിട്ടാനുള്ളതു മൂവായിരം കോടിയിലേറെ രൂപ. നെല്ലു സംഭരണ പദ്ധതിയിൽ കർഷകർക്കു പണം നൽകാൻ ബാങ്കുകളിൽ നിന്നു കടമെടുത്ത മൂവായിരത്തിലേറെ കോടി രൂപയും ബാധ്യതയാണ്. ബാങ്ക് വായ്പകൾ പലതും ഉടൻ തിരിച്ചടയ്ക്കേണ്ട അവസ്ഥയിലേക്കു നീങ്ങുന്നതിനാൽ കടുത്ത സാമ്പത്തിക ബാധ്യതയിലേക്കു നീങ്ങുകയാണു സപ്ലൈകോ.

മാവേലി സ്റ്റോറുകൾ, സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി 12 ഇനം സാധനങ്ങൾ സബ്സിഡി വിലയിൽ വിതരണം ചെയ്ത വകയിൽ 2010 മുതൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നു ലഭിക്കാനുള്ളത് 1460 കോടി രൂപയാണ്. ചില വിഭാഗം റേഷൻ കാർഡുകൾക്കു കേന്ദ്രവിഹിതത്തിന് ഉപരിയായി സംസ്ഥാനം വിതരണം ചെയ്ത ഉൽപന്നങ്ങളുടെ വിലയായി കിട്ടാനുള്ളതു 131 കോടി രൂപ. രണ്ടു വർഷങ്ങളിൽ സ്കൂൾ കിറ്റ് കൊടുത്ത വകയിൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നു 128 കോടി രൂപ കിട്ടാനുണ്ട്.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കൈകാര്യ ച്ചെലവ് 18 കോടി രൂപയും കുടിശികയാണ്. അതിഥിത്തൊഴിലാളികൾക്കു കോവിഡ് കാലത്തു കിറ്റ് കൊടുത്ത വകയിൽ 12 കോടി രൂപ തൊഴിൽ വകുപ്പു നൽകാനുണ്ട്. മത്സ്യത്തൊഴിലാളികൾക്കു കിറ്റ് കൊടുത്ത വകയിൽ 16 കോടി രൂപയും കുടിശികയാണ്. കോവിഡ് ക്വാറന്റീൻ സമയത്തു റേഷൻകടകൾ വഴി അതിജീവന കിറ്റ് നൽകിയതിൽ 2 കോടി ഇനിയും കിട്ടാനുണ്ട്.

നെല്ലു സംഭരണത്തിലെ സർക്കാരിന്റെ ജാഗ്രതക്കുറവാണു വലിയ ബാധ്യതയിലെത്തിക്കുന്നത്. നെല്ലിന്റെ വില നൽകാൻ 2,500 കോടി രൂപ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നു കടമെടുത്തതിനു പുറമേ വീണ്ടും 700 കോടി രൂപ കടമെടുക്കാൻ പോകുകയാണ്. കേരള ബാങ്കിൽ നിന്നു കടമെടുത്തത് ഉൾപ്പെടെ 1000 കോടി രൂപയോളം കുടിശികയുണ്ട്. എന്നാൽ, കർഷകരിൽ നിന്നു നെല്ലു സംഭരിച്ച വകയിൽ സംസ്ഥാന വിഹിതമായി നൽകേണ്ട 522 കോടി രൂപ കിട്ടിയിട്ടില്ല. റേഷൻകടകളിലേക്കു വിതരണത്തിനു സാധനങ്ങൾ എത്തിച്ച വകയിൽ യാത്രാച്ചെലവ് 248 കോടി കിട്ടാനുണ്ട്.

വിവിധ ഘട്ടങ്ങളിൽ സർക്കാരിന്റെ ആവശ്യപ്രകാരം ഏറ്റെടുത്തു നടത്തിയ ചെറുതും വലുതുമായ പദ്ധതികളുടെ ബാധ്യതകൾ വേറെയുമുണ്ട്. ഇതെല്ലാം കൂടി ചേരുമ്പോൾ 3000 കോടി കവിയും. സപ്ലൈകോയുടെ സാമ്പത്തിക പ്രശ്നത്തിൽ സർക്കാരിന്റെ അടിയന്തര ഇടപെടൽ ഉണ്ടായില്ലെങ്കിൽ കെഎസ്ആർടിസിയെക്കാൾ വലിയ പ്രതിസന്ധിയിലേക്കു നീങ്ങും.



## ഇന്ത്യയ്ക്ക് 6.7 ശതമാനം വളർച്ച പ്രവചിച്ച് യുഎൻ

2024ൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 6.7 ശതമാനം വളർച്ച നേടുമെന്ന് ഐക്യരാഷ്ട്ര സംഘടനയുടെ റിപ്പോർട്ട്. ആഭ്യന്തര ഡിമാൻഡ് ഉയരുന്നതാണ് ഉയർന്ന വളർച്ച പ്രതീക്ഷിക്കാനുള്ള കാരണമെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. ഈ വർഷം 5.3 ശതമാനം വളർച്ച കൈവരിക്കും. അതേസമയം ഉയർന്ന പലിശനിരക്കും പുറത്തുനിന്നുള്ള ഡിമാൻഡ് കുറവും കയറ്റുമതിയെയും രാജ്യത്തേക്കുള്ള നിക്ഷേപത്തെയും ബാധിക്കും. വിലക്കയറ്റത്തോത് 5.5 ശതമാനമായിരിക്കും.

ചൈന 5.3 ശതമാനം വളർച്ച നേടുമെന്നാണ് റിപ്പോർട്ടിലെ പ്രവചനം. ആഗോളതലത്തിൽ 2.3 ശതമാനം വളർച്ചയാണ് യുഎൻ അർധവാർഷിക റിപ്പോർട്ട് പ്രതീക്ഷിക്കുന്നത്.

യുഎസിന് 1.1 ശതമാനവും യൂറോപ്പിന് 0.9 ശതമാനവുമാണ് വളർച്ച പ്രതീക്ഷിക്കുന്നത്. സാമ്പത്തിക സാഹചര്യം പരിഗണിക്കുമ്പോൾ ഇന്ത്യ തിളങ്ങുന്ന രാജ്യമെന്നും റിപ്പോർട്ടിൽ പറയുന്നു.

### കേന്ദ്രത്തിന്റെ വ്യാജ സിം കാർഡ് വേട്ട

## കേരളത്തിൽ 9,606 സിം കാർഡുകൾ റദ്ദാക്കി

■ ഉപയോഗിക്കുന്നത് തീവ്രവാദപ്രവർത്തനങ്ങൾക്ക്

ന്യൂഡൽഹി കേന്ദ്രത്തിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത വ്യാജ സിം കാർഡ് വേട്ടയിൽ 2 വർഷത്തിനുള്ളിൽ കേരളത്തിൽ റദ്ദാക്കിയത് 9,606 സിം കാർഡുകൾ. രാജ്യമാകെ 36.61 ലക്ഷം സിം കാർഡുകളാണ് 2022ന് ശേഷം ഇത്തരത്തിൽ റദ്ദാക്കിയതെന്ന് ടെലികോം വകുപ്പിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. സൈബർ തട്ടിപ്പുകൾക്കാണ് ഈ സിം കാർഡുകൾ ഉപയോഗിക്കുന്നത്.

ഒരേ വ്യക്തി പലതരത്തിലുള്ള വ്യാജ വിവരങ്ങളും രേഖകളും നൽകി വാങ്ങിയ സിം കാർഡുകളാണ് ടെലികോം വകുപ്പിന്റെ 'അസ്ത്ര്' എന്ന എഐ സംവിധാനത്തിലൂടെ ബ്ലോക് ചെയ്തത്. ഇതിനായി 87 കോടി സിം കാർഡുകളുടെ വിവരങ്ങൾ ഈ സോഫ്റ്റ്!വെയർ പരിശോധിച്ചു.

കേരളത്തിൽ സംശയാസ്പദമായി റിപ്പോർട്ട് ചെയ്ത 11,462 സിം കാർഡുകളിൽ നിന്നാണ് 9,606 എണ്ണം റദ്ദാക്കിയത്. ആകെ 3.56 കോടി സിം കാർഡുകളുടെ വിവരങ്ങളാണ് കേരളത്തിൽ അസ്ത്ര് പരിശോധിച്ചത്. വ്യാജ സിം കാർഡ് വിറ്റ 7 സ്ഥാപനങ്ങളെ (പോയിന്റ് ഓഫ് സെയിൽ) കരിമ്പട്ടികയിൽപ്പെടുത്തി.മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ വ്യാജ സിം കാർഡുകളുടെ എണ്ണം കുറവാണ്.

ഒരു വ്യക്തി വിവിധ പേരുകളിൽ 6,800 സിം കാർഡുകൾ എടുത്തത് അസ്ത്ര് വഴി കണ്ടെത്തിയതായി ടെലികോം മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. മറ്റൊരു വ്യക്തി എടുത്ത സിം കാർഡുകളുടെ എണ്ണം 5,300.സൈബർ തട്ടിപ്പുകൾക്കു വ്യാജ സിം കാർഡുകൾ ഉപയോഗിക്കുന്നതിനു മുൻപ് തന്നെ അവ കണ്ടെത്തി തടയാനാണ് ഈ സംവിധാനം രൂപകൽപന ചെയ്തത്.

## തിരുപ്പൂരിൽ വസ്ത്ര കയറ്റുമതി ഓർഡറുകളിൽ 50% ഇടിവ്

**തിരുപ്പൂർ:** വസ്ത്ര കയറ്റുമതി മേഖലയിൽ ഈ വർഷം 4050% ഇടിവ്. രാജ്യാന്തര വിപണിയിലെ പ്രമുഖ ബ്രാൻഡുകൾ ഈ വർഷം ഇതുവരെയായിട്ടും ക്രിസ്മസ് പുതുവർഷ ഓർഡറുകൾ നൽകാത്ത സാഹചര്യത്തിൽ അടുത്ത വർഷത്തെ സ്പ്രിങ്സമ്മർ സീസൺ ഓർഡറുകളിലാണ് പ്രതീക്ഷയർപ്പിക്കുന്നതെന്നു വസ്ത്രനിർമാണ, കയറ്റുമതി മേഖലയിലെ പ്രമുഖർ പറയുന്നു. ഇതോടെ മാസത്തിൽ പകുതി ദിവസം ഉൽപാദനം നിർത്തിവയ്ക്കേണ്ടിവരും. ഉൽപാദനച്ചെലവു കുറയ്ക്കാനാണ് ഇതെന്നും ലേ ഓഫ് ഉദ്ദേശിക്കുന്നില്ലെന്നും കമ്പനികൾ വ്യക്തമാക്കുന്നു.കയറ്റുമതിയിൽ 50 ശതമാനത്തോളം യുഎസിലേക്കും ബാക്കി യൂറോപ്പ്, യുകെ, ഗൾഫ് രാജ്യങ്ങളിലേക്കുമാണ്. രാജ്യാന്തര വ്യാപാരത്തിലുണ്ടായ ഇടിവ് ഓർഡറുകൾ കുറയാൻ കാരണമായിട്ടുണ്ട്. റഷ്യ യുക്രെയ്ൻ യുദ്ധം മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയും വലിയ തിരിച്ചടിയായി.





## മൺറോതുരുത്ത് ടൂറിസം മേഖലയിലെ സുരക്ഷ: കർശന നടപടി സ്വീകരിക്കുമെന്ന് പൊലീസ്

**കുണ്ടറ:** മൺറോതുരുത്ത് ടൂറിസം മേഖലയിലെ സുരക്ഷ ഉറപ്പാക്കുന്നതിന് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ പരിശോധന നടത്തി കർശന നടപടി സ്വീകരിക്കുമെന്ന് പൊലീസ് അറിയിച്ചു. പൊലീസ് നടപടി ആവശ്യപ്പെട്ട് പഞ്ചായത്ത് കമ്മിറ്റി റൂറൽ പൊലീസ് മേധാവിക്ക് പരാതി നൽകിയിരുന്നു.202324ലെ കെട്ടിട നികുതിയുമായി ബന്ധപ്പെട്ട് മൺറോതുരുത്ത് പഞ്ചായത്തിൽ 8 റിസോർട്ടുകൾ ആണ് റജിസ്റ്റർ ചെയ്തിരിക്കുന്നത്. എന്നാൽ ഒരു റിസോർട്ട് മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

ഹോം സ്റ്റേ, ടൂറിസ്റ്റ് ഹോം, ലോഡ്ജ് എന്നിങ്ങനെ 50 സ്ഥാപനങ്ങളാണ് പഞ്ചായത്തിന്റെ കണക്കിൽ റജിസ്റ്റർ ചെയ്തിട്ടുള്ളത്. 202224 വർഷത്തേക്ക് 10 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ആകെയുള്ള 172 വള്ളങ്ങളിൽ 98 വള്ളങ്ങൾ മാത്രമാണ് റജിസ്റ്റർ ചെയ്തിട്ടുള്ളത്



# ബവ്കോ ഔട്ട്‌ലെറ്റുകളിലും അനധികൃത മദ്യം

**തിരുവനന്തപുരം:** ബവ്റിജസ് കോർപറേഷന്റെ മദ്യ വിൽപനശാലകൾ വഴി അനധികൃത മദ്യവിൽപന നടക്കുന്നതായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ട്. തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള പല ഔട്‌ലെറ്റുകളിലും അനധികൃത മദ്യം വിൽക്കുന്നതായി റിപ്പോർട്ടിൽ പറയുന്നു. തീരപ്രദേശത്തോടു ചേർന്നുള്ള ഔട്‌ലെറ്റുകളിലാണ് അനധികൃത മദ്യവിൽപന കൂടുതൽ. രണ്ടാംതരം മദ്യത്തിന്റെ വിൽപനയും നടക്കുന്നതായാണു റിപ്പോർട്ടിൽ പറയുന്നത്. സ്പിരിറ്റ് വില വർധിക്കുകയും വില കുറഞ്ഞ അംഗീകൃത മദ്യം ബവ്കോ വഴി എത്താതാവുകയും ചെയ്ത സാഹചര്യം അനധികൃത മദ്യ മാഫിയ ഉപയോഗപ്പെടുത്തുന്നുവെന്ന സൂചനയാണു വിജിലൻസ് നൽകുന്നത്. ഈ സാഹചര്യത്തിൽ ഔട്‌ലെറ്റുകളിൽ ജാഗ്രത പുലർത്താൻ ബവ്റിജസ് കോർപറേഷൻ എല്ലാ വെയർ ഹൗസ് മാനേജർമാർക്കും നിർദേശം നൽകി.

അനധികൃത മദ്യ വിൽപന സംബന്ധിച്ച് എന്തെങ്കിലും വിവരമറിഞ്ഞാൽ എക്സൈസിനെയും പൊലീസിനെയും അറിയിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ചില ബാറുകളിൽ സെക്കൻഡ്സ് മദ്യത്തിന്റെ വിൽപനയുള്ളതായി നേരത്തേ റിപ്പോർട്ടുകളുണ്ടായിരുന്നു. എന്നാൽ മദ്യവിതരണത്തിന്റെ പൂർണ നിയന്ത്രണം കയ്യാളുന്ന ബവ്കോയുടെ ഔട്‌ലെറ്റുകളിലും രണ്ടാംതരം മദ്യം എത്തിച്ച്, ബവ്കോയുടേത് എന്ന വ്യാജേന വിൽക്കപ്പെടുന്നുവെന്ന ഞെട്ടിക്കുന്ന കണ്ടെത്തലാണു വിജിലൻസിന്റേത്. ഔട്‌ലെറ്റ് ജീവനക്കാരും മദ്യമാഫിയയും തമ്മിലുള്ള ബന്ധമാണു സംശയിക്കപ്പെടുന്നത്.



## ആലപ്പുഴ ജില്ലയിലെ ആദ്യ കെസ്റ്റോർ തുറന്നു

**കായംകുളം:** ജില്ലയിലെ ആദ്യത്തെ കെസ്റ്റോർ ചേരാവള്ളിയിൽ യു.പ്രതിഭ എംഎൽഎ ഉദ്ഘാടനം ചെയ്തു. ചേരാവള്ളി ക്ഷേത്രത്തിന് സമീപം 320ം നമ്പർ റേഷൻകടയാണ് കെ സ്റ്റോറായി പ്രവർത്തിക്കുന്നത്. റേഷൻ കടകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൂടുതൽ സേവനങ്ങളും സൗകര്യങ്ങളും ഒരുക്കിയാണ് കെസ്റ്റോറുകളായി മാറ്റിയത്. കെ സ്റ്റോറുകളിലൂടെ 10,000 രൂപ വരെയുള്ള ബാങ്കിങ് സേവനങ്ങൾ, സിഎസ് സി സേവനങ്ങൾ, സപ്ലൈകോ ശബരി ഉൽപന്നങ്ങൾ, മിൽമ ഉൽപന്നങ്ങൾ, ചോട്ടു ഗ്യാസ് എന്നീ സേവനങ്ങളും ലഭിക്കും.

ചടങ്ങിൽ നഗരസഭാധ്യക്ഷ പി. ശശികല വഹിച്ചു. നഗരസഭാ വൈസ് ചെയർമാൻ ജെ. ആദർശ്, ജനപ്രതിനിധികളായ എസ്.കേശുനാഥ്, പി.എസ്. സുൾഫിക്കർ, ഷാമില ഹനിമോൻ, സി.എസ്. ബാഷ, ജില്ലാ സപ്ലൈ ഓഫിസർ ടി. ഗാനാദേവി, വിവിധ താലൂക്ക് സപ്ലൈ ഓഫിസർമാരായ ജി. ഓമനക്കുട്ടൻ, സുരേഷ്, മായാദേവി, സപ്ലൈകോ ഡിപ്പോ മാനേജർ എൻ.ജി.അനിൽ തുടങ്ങിയവർ പ്രസംഗിച്ചു.



## സംസ്ഥാനത്തെ 21 കേന്ദ്രങ്ങളിലെ വൻ മാലിന്യക്കൂനകൾ നീക്കും

**ചാരുംമൂട് :** ലോക ബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് എന്നിവയുടെ സഹായത്തോടെ സർക്കാർ നടപ്പാക്കുന്ന നഗര ഖരമാലിന്യ നിർമാർജന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 21 കേന്ദ്രങ്ങളിലെ വൻ മാലിന്യക്കൂനകൾ നീക്കുന്നതിനു രൂപമായി. ഈ സ്ഥലങ്ങളിൽ മഴക്കാലത്തിനു ശേഷം സെപ്റ്റംബറിൽ ബയോമൈനിങ് നടത്താൻ തദ്ദേശഭരണ അഡീഷനൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. കൊട്ടാരക്കര, കായംകുളം, വടവാതൂർ, കൂത്താട്ടുകുളം, കോതമംഗലം, മൂവാറ്റുപുഴ, വടക്കൻ പറവൂർ, തൃശൂർ, ചാലക്കുടി, കുന്നംകുളം, വടക്കാഞ്ചേരി, ഒറ്റപ്പാലം, പാലക്കാട്, മഞ്ചേരി, മലപ്പുറം, വടകര, കൽപറ്റ, ഇരിട്ടി, കൂത്തുപറമ്പ്, തലശേരി, കാസർകോട് എന്നിവിടങ്ങളിൽ വർഷങ്ങൾ കൊണ്ടു രൂപപ്പെട്ട മാലിന്യക്കൂനകളാണ് ആദ്യ ഘട്ടത്തിൽ നീക്കുന്നത്.

900 ഘനമീറ്റർ (കൂത്താട്ടുകുളം) മുതൽ 76,192 ഘനമീറ്റർ (പാലക്കാട് കൂട്ടുപാത ബിപിഎൽ ജംക്‌ഷൻ) വരെ വ്യാപ്തിയുള്ള മാലിന്യക്കൂമ്പാരം ഈ കേന്ദ്രങ്ങളിൽ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. തീ പിടിക്കാനുള്ള സാധ്യത, വീടുകളുടെയും സ്ഥാപനങ്ങളുടെയും സാമീപ്യം തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഈ സ്ഥലങ്ങളിൽ ബയോമൈനിങ്ങിനു മുൻഗണന നിശ്ചയിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ പ്രാഥമിക പരിശോധനകൾ തുടങ്ങി. മഴക്കാലം കഴിഞ്ഞാലുടൻ ബയോമൈനിങ് തുടങ്ങും. അതതു തദ്ദേശഭരണ സ്ഥാപനങ്ങളെ ഇക്കാര്യം അറിയിച്ചിട്ടുണ്ട്.

## വാട്ടർ മെട്രോ; പാണാവള്ളിയിലേക്കും പെരുമ്പളത്തേക്കും നീട്ടണമെന്ന് ആവശ്യം

**പൂച്ചാക്കൽ :** കൊച്ചിയിൽ ആരംഭിച്ച വാട്ടർ മെട്രോ സർവീസ് പാണാവള്ളിയിലേക്കും നീട്ടണമെന്ന് ആവശ്യം. വാട്ടർ മെട്രോ ഇടക്കൊച്ചി, കുമ്പളം എന്നിവിടങ്ങളിലേക്ക് നീട്ടാൻ നീക്കമുണ്ട്. ഇതിന്റെ സമീപപ്രദേശങ്ങളായ അരൂക്കുറ്റി, പെരുമ്പളം, പാണാവള്ളി ബോട്ട് ജെട്ടികളിലേക്കും വാട്ടർ മെട്രോ നീട്ടുകയാണെങ്കിൽ ഏറെ ഗുണം ചെയ്യുമെന്നു യാത്രക്കാർ പറയുന്നു. പാണാവള്ളി, പെരുമ്പളം, ഭാഗത്തു നിന്നും ഒന്നിലധികം ബോട്ടുകൾ കയറിയാണ് എറണാകുളത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പഠനത്തിനും ജോലിക്കുമായി നാട്ടുകാർ പോകുന്നത്. മെട്രോ സർവീസ് വന്നാൽ കൂടുതൽ സൗകര്യവും കൂടുതൽ യാത്രക്കാരുമാകും. റോഡിലെ ഗതാഗതത്തിരക്ക്, മലിനീകരണം, അപകടസാധ്യതകൾ എന്നിവയെ തുടർന്ന് ജലഗതാഗതത്തെ ആശ്രയിക്കാൻ ഏറെപ്പേർ ശ്രമിക്കുന്നുണ്ട്.

നിർമാണം പൂർത്തിയായിട്ടും അരൂക്കുറ്റിയിൽ വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന വഞ്ചിവീട് കേന്ദ്രം ഉപയോഗിക്കാനും മെട്രോ സർവീസ് വരുന്നതിലൂടെ സാധിക്കും. വൈക്കം സത്യഗ്രഹത്തിന്റെ 100ാം വാർഷികാഘോഷത്തിന്റെ ഭാഗമായി തമിഴ്നാട് സർക്കാർ പെരിയാർ രാമസ്വാമിനായ്ക്കരുടെ സ്മാരകം അരൂക്കുറ്റിയിൽ നിർമിക്കാൻ പദ്ധതിയിട്ടുണ്ട്. തിരുവിതാംകൂർ, കൊച്ചി രാജ്യത്തിന്റെ അതിർത്തി, രാജകൊട്ടാരം, ജയിൽ, ചുങ്കംപിരിവ് കേന്ദ്രമായ ചൗക്ക തുടങ്ങിയവ നിലനിന്നിരുന്ന സ്ഥലമെന്ന നിലയിലും അരൂക്കുറ്റി അറിയപ്പെടുന്നുണ്ട്. കൂടുതൽ യാത്രക്കാർ ആശ്രയിക്കുന്ന ബോട്ട് സ്റ്റേഷനായ പാണാവള്ളിയിലേക്കും ജലയാത്രകളെ മാത്രം ആശ്രയിക്കുന്ന പെരുമ്പളത്തേക്കും ജല മെട്രോ നീട്ടണമെന്ന് യാത്രക്കാർ ആവശ്യപ്പെടുന്നു

മൂന്നു ജില്ലകളെ ബന്ധിപ്പിച്ച് വേമ്പനാട് കായലിലൂടെ സർവീസ് നടത്തിയിരുന്ന ജലഗതാഗത വകുപ്പിന്റെ വേഗ 120 ബോട്ട് സർവീസ് പുനരാരംഭിക്കുന്നത് വൈകുന്നു. ജനുവരിയിൽ തുടങ്ങുമെന്ന് നേരത്തെ പ്രഖ്യാപിച്ചെങ്കിലും മേയ് പകുതി കഴിഞ്ഞിട്ടും നടപടിയായിട്ടില്ല. കോവിഡ് കാലത്ത് നിലച്ച സർവീസ് പിന്നീട് തുടങ്ങിയില്ല. യന്ത്രത്തകരാറും ഉണ്ടായിരുന്നു. ഇത് പരിഹരിക്കുന്നതിനും മൊത്തം പരിശോധിക്കുന്നതിനുമായി സ്വകാര്യ യാഡിൽ അറ്റകുറ്റപ്പണി നടക്കുന്നുവെന്ന് അധികൃതർ പറയുന്നതല്ലാതെ സർവീസ് എന്നു തുടങ്ങുമെന്ന കാര്യത്തിൽ വ്യക്തതയില്ല. രാവിലെ 7.30ന് വൈക്കത്തു തുടങ്ങി ആലപ്പുഴയുടെ ഭാഗമായ മണപ്പുറം, പാണാവള്ളി, പെരുമ്പളം വഴി 9.15ന് എറണാകുളത്തും വൈകിട്ട് 5.30ന് എറണാകുളത്തു നിന്നു തുടങ്ങി 7.30ന് വൈക്കത്ത് അവസാനിക്കുന്ന ബോട്ട് സർവീസ് പഠനം, ജോലി, എറണാകുളത്തെ വിവിധ ആവശ്യങ്ങൾ എന്നിവയ്ക്കായി പോകുന്നവർക്ക് സൗകര്യമായിരുന്നു.

# എസ്എസ്എൽസി: 99.7% വിജയം; ഏറ്റവും കൂടുതൽ ജയം കണ്ണൂരിൽ, 68,604 ഫുൾ എ പ്ലസ്

**തിരുവനന്തപുരം:** എസ്എസ്എൽസിക്ക് 99.70% വിജയം. കഴിഞ്ഞ തവണ വിജയം 99.26%. 0.44% ആണ് വിജയശതമാനത്തിൽ വന്ന വർധന. 4,19,128 വിദ്യാർഥികൾ റഗുലറായി പരീക്ഷയെഴുതിയതിൽ 4,17,864 പേർ ഉപരിപഠനത്തിനു യോഗ്യത നേടി. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർ 68,604 പേർ. കഴിഞ്ഞതവണ ഇത് 44,363 പേർ. ഇത്തവണ ഫോക്കസ് ഏരിയ ഇല്ലാത്തതും ഗ്രേസ് മാർക്ക് ഉള്ളതും വിജയം കൂട്ടിയെന്നു മന്ത്രി പറഞ്ഞു.

എസ് എസ് എൽ സി പ്രൈവറ്റ് വിജയ ശതമാനം66.67. വിജയശതമാനം കൂടിയ റവന്യൂ ജില്ല കണ്ണൂർ. വിജയശതമാനം 99.94. വിജയ ശതമാനം കുറഞ്ഞ റവന്യൂ ജില്ല വയനാട്, വിജയശതമാനം98.41. വിജയശതമാനം കൂടിയ വിദ്യാഭ്യാസ ജില്ല പാല, മൂവാറ്റുപുഴ. വിജയശതമാനം 100. വിജയശതമാനം കുറ!ഞ്ഞ വിദ്യാഭ്യാസ ജില്ല വയനാട്. വിജയശതമാനം98.41.

കൂടുതൽ വിദ്യാർഥികൾക്ക് എപ്ലസ് കിട്ടിയ വിദ്യാഭ്യാസ ജില്ല മലപ്പുറം 4856. ഗൾഫ് മേഖലയിൽ 518 വിദ്യാർഥികൾ പരീക്ഷ എഴുതിയതിൽ 504പേർ ഉപരിപഠനത്തിന് യോഗ്യത നേടി (വിജയശതമാനം97.3). ഗൾഫിലെ നാല് സെന്ററുകൾക്ക് 100 ശതമാനം വിജയം ലഭിച്ചു. ലക്ഷദ്വീപിൽ പരീക്ഷ എഴുതിയ 289 വിദ്യാർഥികളിൽ 283പേർ ഉപരിപഠനത്തിന് യോഗ്യത നേടി. വിജയശതമാനം97.92. നാലു സെന്ററുകളിൽ 100 ശതമാനം വിജയം.

## കാന്തല്ലൂർ, വട്ടവട മേഖലകളിൽ

# വെളുത്തുള്ളി കൃഷിക്കായി പാടങ്ങൾ ഒരുങ്ങുന്നു



**മറയൂർ:** ശീതകാല പച്ചക്കറി ഉൽപാദന കേന്ദ്രങ്ങളായ കാന്തല്ലൂർ, വട്ടവട മേഖലകളിൽ വെളുത്തുള്ളി കൃഷിക്കായി പാടങ്ങൾ ഒരുങ്ങുന്നു. വേനൽ മഴ ലഭിച്ചതോടെ വിത്ത് തയാറാക്കി തുടങ്ങി. കർഷകർ കഴിഞ്ഞ സീസണിൽ പ്രദേശത്ത് വ്യാപകമായി കൃഷിയിറക്കിയിരുന്നെങ്കിലും വിളവെടുപ്പ് വേളയിലെ വിലയിടിവ് മൂലം കടക്കെണിയിൽ പെടുകയായിരുന്നു. ഗുണമേന്മ കൊണ്ടും രുചികൊണ്ടും ഭൗമസൂചിക പട്ടികയിൽ ഇടം നേടാൻ ഒരുങ്ങുകയാണ് പ്രദേശത്തെ വെളുത്തുള്ളി. പ്രദേശത്ത് ഒട്ടുമിക്ക പഴംപച്ചക്കറികളും ഉൽപാദിപ്പിക്കാറുണ്ടെങ്കിലും വെളുത്തുള്ളി കൃഷി ചില വർഷങ്ങളിൽ മികച്ച പ്രതിഫലം നൽകാറുണ്ട്.

ഇത് പ്രതീക്ഷിച്ചാണ് പ്രദേശത്തെ കർഷകർ കടം വാങ്ങി വ്യാപകമായി കൃഷിയിറക്കുന്നത്. എന്നാൽ പ്രതീക്ഷിച്ചതു പോലെ വിളവും വിലയും ലഭിച്ചില്ലെങ്കിൽ ഫലം വിപരീതമായി കനത്ത സാമ്പത്തിക നഷ്ടത്തിന് കാരണമാകുകയാണ് പതിവ്. കഴിഞ്ഞ സീസണിലെ വെളുത്തുള്ളി കൃഷി നഷ്ടത്തിലായിരുന്നു. തുടർന്നാണ് ഇത്തവണ പ്രതിസന്ധിയിൽ നിന്നും കരകയറുമെന്ന പ്രതീക്ഷയോടെ പ്രദേശത്തെ കർഷകർ വീണ്ടും വെളുത്തുള്ളി കൃഷിയിറക്കാനൊരുങ്ങുന്നത്.

ഇതിനായി തമിഴ്നാട് വടുക്പെട്ടി മേഖലയിൽ നിന്നുമാണ് വ്യാപകമായി വെളുത്തുള്ളി വിത്ത് വാങ്ങാറ്. ഇത്തവണയും പതിവ് പോലെ ഉയർന്ന വിലയാണ് വെളുത്തുള്ളി വിത്തിന്. കിലോയ്ക്ക് 160 രൂപ മുതൽ 200 രൂപ വരെയാണ് വിത്തിന്റെ വില. വെളുത്തുള്ളി വെയിലത്ത് ഉണക്കി അല്ലികൾ വേർതിരിച്ച് വിത്തുകൾ പാകപ്പെടുത്തുകയും പാടം കിളച്ച് ഒരുക്കുകയുമാണ് നിലവിൽ പ്രദേശത്തെ കർഷകർ.



## കർഷകർക്ക് ഭീതിയായി വെട്ടുകിളികൾ

**വടക്കഞ്ചേരി:** മണിക്കൂറുകൾകൊണ്ട് ഏക്കറുകണക്കിനു കാർഷിക വിളകൾ തിന്നു നശിപ്പിക്കുന്ന വെട്ടുകിളികൾ കിഴക്കഞ്ചേരി പനംകുറ്റിയിലെ എസ്റ്റേറ്റുകളിൽ എത്തിയത് കർഷകർക്ക് ഭീതിയായി. കിഴക്കഞ്ചേരി കൃഷിഭവൻ അധികൃതർ ഇതു സംബന്ധിച്ച റിപ്പോർട്ട് മണ്ണുത്തി കാർഷിക സർവകലാശാലക്കു കൈമാറിയിട്ടുണ്ട്. കഴിഞ്ഞ വർഷവും വനമേഖലകൾക്കു സമീപം ഇവയെ കണ്ടിരുന്നുവെന്നും ചെറു മരങ്ങളിലെ ഇലകളും ചില്ലകളും ഇവ തിന്നുന്നതായും മരുന്നടിച്ചാൽ ഇവ പോകുമെന്നും കൃഷിവകുപ്പ് അധികൃതർ പറഞ്ഞു.

പനംകുറ്റിയിൽ കണ്ട വെട്ടുകിളികളെ കർഷകർ തന്നെ പുകച്ചും മരുന്നുതെളിച്ചും തുരത്തി. ഇവ കാടുമൂടിയ പ്രദേശങ്ങളിലേക്കു പോയതായാണു വിലയിരുത്തുന്നത്. മണ്ണുത്തി കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞരുടെ സംഘം സ്ഥലത്തെത്തി പരിശോധ നടത്തുമെന്ന് കൃഷിവകുപ്പ് അധികൃതർ അറിയിച്ചു.

ചെറുമരങ്ങളിലാണു വെട്ടുകിളികളെ കൂട്ടത്തോടെ കാണുന്നത്. മരത്തിലെ ഇലകളെല്ലാം ഇവ തിന്നുതീർത്തിട്ടുണ്ട്. പുൽച്ചാടിയുടെ രൂപമുള്ള ഇവയ്ക്ക് പുൽച്ചാടികളെക്കാൾ വലുപ്പമുണ്ട്. മരത്തിന്റെ ഇലയിലും ചില്ലയിലും തടിയിലും വരെ നിറഞ്ഞ കൂട്ടമായാണ് ഇവയെ കാണപ്പെട്ടത്. മലയോര മേഖലയിൽ അപൂർവമായി മാത്രമേ വെട്ടുകിളികളെ കാണാറുള്ളു എന്നാണു കൃഷിവകുപ്പ് അധികൃതർ പറയുന്നത്. രാജസ്ഥാൻ, മധ്യപ്രദേശ് തുടങ്ങിയ മരുഭൂമികളിലും സമാന കാലാവസ്ഥ ഉള്ളിടങ്ങളിലുമാണ് ഇവയെ കണ്ടെത്തിയിട്ടുള്ളത്. കാലാവസ്ഥാ വ്യതിയാനമാകാം കേരളത്തിലെത്താൻ കാരണമെന്നും ശാസ്ത്ര സംഘം പരിശോധന നടത്തി വ്യക്തത വരുത്തുമെന്നും കൃഷിവകുപ്പ് അറിയിച്ചു.

# കുഴൽക്കിണറുകൾക്ക് ഐഎസ്ഐ മുദ്രയുള്ള പൈപ്പുകൾ നിർബന്ധം

**പാലക്കാട്:** കുഴൽക്കിണർ നിർമാണത്തിലെ ചൂഷണവും വെട്ടിപ്പും തടയാൻ കിണറുകൾക്ക് ഐഎസ്ഐ മുദ്രയുള്ള പൈപ്പുകൾ നിർബന്ധമാക്കി ഭൂഗർഭജല അതോ!റിറ്റി ചട്ടം നിലവിൽ വന്നു. സ്വകാര്യ ഏജൻസികളിൽ പലതും ഗുണമേന്മയില്ലാത്ത പൈപ്പ് കൊണ്ടു നിർമിക്കുന്ന കിണറുകൾ കുറഞ്ഞ കാലംകൊ!ണ്ട് ഉപയോ!ഗശൂന്യമാകുന്ന സ്ഥിതിയുണ്ട്. പൈപ്പിൽ വ്യാജ ഐഎസ്ഐ മുദ്ര പതിപ്പിക്കുന്നതും വ്യാപകമാണ്. സ്ക്രാപ്പ് (ആക്രി വസ്തുക്കൾ) ഉപയോ!ഗിച്ചു നിർമിക്കുന്ന പൈപ്പുകൾ പലപ്പോഴും രണ്ടു വർഷത്തിനുള്ളിൽ തകരാറിലാകുന്നതാണു പതിവെന്ന് അധികൃതർ പറഞ്ഞു.

പൈപ്പ് പൊട്ടി വെള്ളത്തിൽ കോളിഫോ!ം ബാക്ടീരിയ വ്യാപിക്കാം. ചില പൈപ്പുകൾ കുഴിക്കുമ്പോൾത്തന്നെ പാറയിൽത്തട്ടി പൊ!ട്ടി, പിന്നീട് കിണറിൽ ചെളി നിറയും. കിണറിന് ശരാശരി 100 മീറ്ററാണ് ആഴമുണ്ടാകുക. നാലര ഇഞ്ച് പൈപ്പാണെങ്കിൽ അടി ഒന്നിന് 350 രൂപയാണു നിരക്ക്. 100ൽ അധികമുള്ള ഒരോ! അടിക്കും10 രൂപ കൂടും. ഒരു കിണറിനു മൊ!ത്തം ശരാശരി അര ലക്ഷം രൂപയാണു ചെലവ്. ആറ് ഇഞ്ച് പൈപ്പിന്റേതാണെങ്കിൽ ചെലവ് ഒരു ലക്ഷം രൂപയാകും. ഐഎസ്ഐ മുദ്രയുള്ള പൈപ്പ് എന്ന പേരിലാണു ചെലവു തീരുമാനിക്കുന്നത്. വേനലിൽ സംസ്ഥാനത്ത് ഈ രീതിയിൽ ഒട്ടേറെ കിണറുകൾ നിർമിക്കുന്നുണ്ട്. ഇത്തരം കിണർ തകരാറിലായാൽ അറ്റകുറ്റപ്പണിക്കും പ്രയാസമാണ്.



പുതിയ വ്യവസ്ഥയിൽ കിണറിന്റെ പൈപ്പ് ഐഎസ്ഐ മുദ്രയുള്ളതാണെന്ന് ഉറപ്പാക്കാൻ പരിശോ!ധനയുണ്ടാകും. പൈപ്പ് കിണറിൽ ഇറക്കുന്നതിനു മുൻപ് അതു ബിസിന്റെ ഐഎസ്ഐ മുദ്ര ലഭിച്ചതാണോ എന്നു വ്യക്തികൾക്കു പരിശോ!ധിക്കാനാകുമെന്നു ഭൂഗർഭ ജലവകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു. ബിസ് ആപ്പ് ഡൗൺലോഡ് ചെയ്തു പൈപ്പിന്റെ സിഎംഎൽ നമ്പറുമായി ഒത്തുനോക്കിയാൽ മതി. ഐഎസ്ഐ മുദ്രയുള്ള പൈപ്പ് നിർബന്ധമാക്കിയതോ!ടെ ഗുണമേന്മയില്ലാത്ത പൈപ്പുകൾ നേരത്തേ വാങ്ങിക്കൂട്ടിയ ഏജൻസികൾ വെട്ടിലായി. ഒരു ഏജൻസി ഇത്തരത്തിലുള്ള രണ്ടു കോടി രൂപയുടെ പൈപ്പാണ് സൂക്ഷിച്ചിട്ടുള്ളത്.



## നാളെ ട്രെയിൻ സർവീസുകളിൽ മാറ്റം ചില ട്രെയിനുകൾ റദ്ദാക്കി

**തിരുവനന്തപുരം:** മാവേലിക്കരയ്ക്കും ചെങ്ങന്നൂരിനും ഇടയിൽ പാലത്തിന്റെ ഗർഡർ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ 21 ന് ട്രെയിൻ സർവീസുകളിൽ മാറ്റം. പൂർണമായി റദ്ദാക്കുന്നവ : രാവിലെ 8 നു പുറപ്പെടുന്ന കൊല്ലം എറണാകുളം അൺറിസർവ്ഡ് മെമു (06768), രാവിലെ 11 ന് പുറപ്പെടുന്ന കൊല്ലം എറണാകുളം അൺറിസർവ്ഡ് മെമു (06778), രാത്രി 8.10 നു പുറപ്പെടുന്ന എറണാകുളം കൊല്ലം മെമു എക്സ്പ്രസ് (06441), വൈകിട്ട് 3 നു പുറപ്പെടുന്ന കായംകുളം എറണാകുളം മെമു എക്സ്പ്രസ് (16310), രാവിലെ 8.45 നു പുറപ്പെടുന്ന എറണാകുളം ജംക്ഷൻ കായംകുളം മെമു എക്സ്പ്രസ് (16309), ഉച്ചയ്ക്ക് 2.35 നു പുറപ്പെടുന്ന കൊല്ലം കോട്ടയം സ്പെഷൽ (06786), ഉച്ചയ്ക്ക് 1.35 നു പുറപ്പെടുന്ന എറണാകുളം കൊല്ലം മെമു സ്പെഷൽ (06769), വൈകിട്ട് 5.40 നു പുറപ്പെടുന്ന കോട്ടയം കൊല്ലം മെമു സ്പെഷൽ (06785), രാവിലെ 8.50 ന് പുറപ്പെടുന്ന കായംകുളം എറണാകുളം എക്സ്പ്രസ് സ്പെഷൽ (06450), വൈകിട്ട് 4 നു പുറപ്പെടുന്ന എറണാകുളം ആലപ്പുഴ മെമു എക്സ്പ്രസ് സ്പെഷൽ (06015), വൈകിട്ട് 6 നു പുറപ്പെടുന്ന ആലപ്പുഴ എറണാകുളം എക്സ്പ്രസ് സ്പെഷൽ (06452).

ഭാഗികമായി റദ്ദാക്കുന്നത് : ഉച്ചയ്ക്ക് ഒന്നിനു പുറപ്പെടുന്ന നാഗർകോവിൽ കോട്ടയം എക്സ്പ്രസ് (16366) കൊല്ലത്ത് സർവീസ് അവസാനിപ്പിക്കും. റൂട്ട് മാറ്റം: കോട്ടയം വഴി കടന്നു പോകേണ്ട ചില ട്രെയിനുകൾ ആലപ്പുഴ വഴി തിരിച്ചുവിടും. തിരുവനന്തപുരം സെൻട്രൽ സെക്കന്തരാബാദ് ജംക്ഷൻ ശബരി പ്രതിദിന എക്സ്പ്രസ് (17229), തിരുവനന്തപുരം സെൻട്രൽ ന്യൂഡൽഹി കേരള സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ് (12625), കന്യാകുമാരി ബെംഗളൂരു എക്സ്പ്രസ് (16525), തിരുവനന്തപുരം സെൻട്രൽ ഡോ.എംജിആർ ചെന്നൈ സെൻട്രൽ മെയിൽ (12624), തിരുവനന്തപുരം സെൻട്രൽ ഡോ.എംജിആർ ചെന്നൈ സെൻട്രൽ സൂപ്പർഫാസ്റ്റ് എക്സ്പ്രസ് (12696), തിരുവനന്തപുരം സെൻട്രൽ എറണാകുളം വഞ്ചിനാട് എക്സ്പ്രസ് (16304), പുനലൂർ ഗുരുവായൂർ എക്സ്പ്രസ് (16327) എന്നീ ട്രെയിനുകൾ ഹരിപ്പാട്, അമ്പലപ്പുഴ, ആലപ്പുഴ, ചേർത്തല, എറണാകുളം ജംക്ഷൻ എന്നീ സ്റ്റേഷനുകളിൽ നിർത്തും.തിരുവനന്തപുരം സെൻട്രൽ കണ്ണൂർ ജനശതാബ്ദി എക്സ്പ്രസ് (12082), നാഗർകോവിൽ ജംക്ഷൻ ഷാലിമാർ ഗുരുദേവ് പ്രതിവാര സൂപ്പർഫാസ്റ്റ് എക്സ്പ്രസ് (12659) എന്നീ ട്രെയിനുകൾ ആലപ്പുഴയിലും എറണാകുളം ജംക്ഷനിലും നിർത്തും.

# ലക്ഷ്യമിട്ടത് ഒരുവർഷം; 5 വർഷം കഴിയുമ്പോഴും ആദ്യഘട്ടം പൂർത്തിയാകാതെ പക്ഷിഗ്രാമം

**കുമ്പള:** കാസർകോട് വികസന പാക്കേജിൽ ഉൾപ്പെടുത്തി കിദൂർ വില്ലേജിൽ കുണ്ടങ്കാരുടക്കയിൽ ലക്ഷങ്ങൾ ചെലവഴിച്ച് സംസ്ഥാന ടൂറിസം വകുപ്പ് നിർമിക്കുന്ന പക്ഷിഗ്രാമം പദ്ധതി വേഗത്തി!ൽ പൂർത്തിയാക്കണമെന്ന ആവശ്യം ശക്തമാകുന്നു. കുമ്പളയുടെ ടൂറിസം വികസനത്തിന് ഏറെ സാധ്യതയുള്ള പദ്ധതിയാണ് കിദൂരിലെ പക്ഷിഗ്രാമം. 2018ൽ ആണ് പദ്ധതിക്ക് ഭരണാനുമതിയായത്. 5 വർഷം പിന്നിടുമ്പോഴും ആദ്യഘട്ട നിർമാണം തന്നെ മന്ദഗതിയിലാണ്.

അപൂർവങ്ങളായ ദേശാടനപ്പക്ഷികൾ ഉൾപ്പെടെ ഇതിനകം ഇരുനൂറോളം പക്ഷികളെ കണ്ടെത്തിയ സ്ഥലമാണ് കിദൂർ കുണ്ടങ്കരടുക്ക. 10 ഏക്കറോളം വിസ്തൃതിയുള്ള പ്രദേശത്താണ് നിർദിഷ്ട പക്ഷി ഗ്രാമം. ജൈവ വൈവിധ്യങ്ങളാൽ സമ്പന്നമാണ് ഈ പ്രദേശം. പദ്ധതിക്കായി 2.77 കോടി രൂപ വകയിരുത്തിയിരുന്നു.



പിന്നീട് പദ്ധതിയിൽ വലിയ മാറ്റങ്ങൾ വരുത്തി ഫണ്ട് വെട്ടിച്ചുരുക്കി.പൂർണമായും പ്രകൃതിക്ക് ഇണങ്ങുന്ന നിർമാണ പ്രവർത്തനങ്ങളാണ് പക്ഷിഗ്രാമത്തിൽ പുരോഗമിക്കുന്നത്.പക്ഷി നിരീക്ഷണത്തിനായി എത്തുന്ന ഗവേഷകർക്കും നിരീക്ഷകർക്കും ഉപകരിക്കുന്ന ഡോർമിറ്ററിയുടെ നിർമാണമാണ് ആദ്യഘട്ടത്തിൽ നടക്കുന്നത്. പദ്ധതി ഒരു വർഷം കൊണ്ട് പൂർത്തിയാക്കുമെന്നാണ് പറഞ്ഞിരുന്നത്. പദ്ധതി വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് മാനവ സംസ്കൃതി മഞ്ചേശ്വരം മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു.

# പാടിയിൽകടവ് പാലം 11.10 കോടിയുടെ ഭരണാനുമതി

**തൃക്കരിപ്പൂർ:** കണ്ണൂർ കാസർകോട് ജില്ലകളെ ബന്ധിപ്പിക്കുന്ന പാടിയിൽ കടവിൽ പാലം പണിയുന്നതിനു 11.10 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി എംഎൽഎമാരായ എം.രാജഗോപാലൻ, ടി.ഐ.മധുസൂദനൻ എന്നിവർ അറിയിച്ചു. തൃക്കരിപ്പൂർ പഞ്ചായത്തിലെയും പയ്യന്നൂർ നഗരസഭയിലെയും കരകളിലുള്ളവർക്ക് ഏറെ പ്രയോജനം ലഭിക്കുന്നതാണ് ഈ പാലം.202021 വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി പാടിയിൽ കടവ് പാലം നിർമിക്കാനായി 5.60 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു.



ഇൻലാൻഡ് നാവിഗേഷന്റെ അനുമതി കൂടി ലഭിക്കുന്നതിനായി പാലത്തിന്റെ ഡിസൈനിൽ മാറ്റം വരുത്തുകയുണ്ടായി. പുതുക്കിയ ഡിസൈൻ തയാറാക്കുമ്പോൾ പാലത്തിന്റെ ഉയരവും നീളവും കൂടുകയും സ്പാൻ തമ്മിലുള്ള അകലം വർധിക്കുകയും ചെയ്ത സാഹചര്യത്തിൽ എസ്റ്റിമേറ്റ് തുക വർധിക്കുകയും അപ്രോച്ച് റോഡ് ഉൾപ്പെടെ നിർമിക്കുന്നതിന് 11.10 കോടി രൂപ ആവശ്യമായി വരികയും ചെയ്തു.

നേരത്തെ അനുവദിച്ച തുകയേക്കാൾ 5.50 കോടി അധികമായി വന്ന സാഹചര്യത്തിൽ സർക്കാരിൽ നിന്നു പുതുക്കിയ ഭരണാനുമതി ആവശ്യമായി വന്നു. ഈ ആവശ്യം ഉന്നയിച്ച് മന്ത്രിമാരായ പി.എ.മുഹമ്മദ് റിയാസ്, കെ.എൻ.ബാലഗോപാൽ എന്നിവർക്കു നിവേദനം നൽകി. 30 വർഷമായി ഇവിടുത്തെ കുടുംബങ്ങൾ മണിക്കൂറുകളോളം സഞ്ചരിച്ചാണു കരമാർഗം അക്കരെയെത്തുന്നത്.

പാലം യാഥാർഥ്യമായാൽ ഇത് 5 മിനിറ്റായി കുറയും.

## എൻആർഐ അക്കൗണ്ടുകൾക്ക് അനുമതി ആയാൽ കേരള ബാങ്കിന് വൻ വളർച്ചയെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:** എൻആർഐ അക്കൗണ്ടുകൾക്ക് ആർബിഐയുടെ അനുമതി ലഭ്യമാകുന്നതോടെ സ്വപ്നം കാണാൻ കഴിയാത്ത വളർച്ച കേരള ബാങ്കിനു കൈവരുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. കേരള ബാങ്കിന്റെ ഡിജിറ്റൽ സേവനങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. കഴിഞ്ഞ സാമ്പത്തിക വർഷം 1,21,358 കോടി രൂപയുടെ ഇടപാടുകളാണു കേരള ബാങ്കിൽ നടന്നത്. മുൻ വർഷത്തേക്കാൾ 11,000 കോടി രൂപ കൂടുതലാണിത്. മുൻ വർഷത്തേക്കാൾ 4200 കോടിയുടെ വർധന നിക്ഷേപത്തിലുണ്ടായെന്നും മുഖ്യമന്ത്രി പറഞ്ഞു. സാധാരണക്കാരന്റെ ആശ്രയമായ സഹകരണ ബാങ്കുകളെ ആർബിഐയുടെ കയ്യിൽ കൊടുത്ത്, അവരുടെ നിർദേശാനുസരണം പ്രവർത്തിക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിനു വേണ്ടിയാണു കേരള ബാങ്ക് രൂപീകരണത്തെ യുഡിഎഫ് എതിർത്തതെന്നു പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പറഞ്ഞു.

മന്ത്രി വി.എൻ.വാസവൻ അധ്യക്ഷത വഹിച്ചു. മന്ത്രി റോഷി അഗസ്റ്റിൻ, കടകംപള്ളി സുരേന്ദ്രൻ എംഎൽഎ, കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ, മാനേജർ എ.ആർ. രാജേഷ് എന്നിവർ പ്രസംഗിച്ചു.

# അദാനി വിദ്യാ മന്ദിറും യുണിസെഫും വിദ്യാഭ്യാസ സംരംഭത്തിനായി കൈകോർക്കുന്നു




**കൊച്ചി:** അഹമ്മദാബാദിലെ അദാനി വിദ്യാ മന്ദിർ യുണിസെഫുമായി കൈകോർത്ത് 2023 ജൂൺ മുതൽ ഡിസംബർ വരെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കുമായി 'യുണിസെഫ് ഓൺ കാമ്പസ് നോളജ് ഇനിഷ്യേറ്റീവ്'നടപ്പാക്കുന്നു. ഗുജറാത്ത് യുണിസെഫ് ഓഫീസ് നടപ്പാക്കുന്ന ഈ പദ്ധതിയുടെ സഹകരണ പത്രം അദാനി വിദ്യാ മന്ദിർ കാമ്പസിൽ വച്ച് ഒപ്പിട്ടു.അദാനി ഫൗണ്ടേഷൻറെ കീഴിലുള്ള അദാനി വിദ്യാ മന്ദിർ ആധുനിക സാങ്കേതികവിദ്യയുടെയും പരമ്പരാഗത മൂല്യങ്ങളുടെയും സമ്മിശ്രമായ ഒരു സംവിധാനത്തിലൂടെ ദൈനംദിന പോഷകാഹാരം, പുസ്തകങ്ങൾ, ഗതാഗത സൗകര്യങ്ങൾ, യൂണിഫോം തുടങ്ങിയവയ്ക്കൊപ്പം പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസവും നൽകുന്നു.കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള യുണൈറ്റഡ് നേഷൻസ് കൺവെൻഷനിൽ വ്യക്തമാക്കിയിട്ടുള്ളതും കാലാവസ്ഥാ പ്രവർത്തനം, ജീവിത നൈപുണ്യങ്ങൾ, ബോഡി പോസിറ്റീവിറ്റി ആത്മാഭിമാനം, പോഷകാഹാരം, വിളർച്ച, ഓൺലൈൻ സുരക്ഷ, സാമ്പത്തിക സാക്ഷരത, കുട്ടികൾക്കെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കുക തുടങ്ങിയ മുൻഗണനാ മേഖലകളിൽ പറഞ്ഞിട്ടുള്ളതുമായ കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് അവബോധം വർദ്ധിപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്ക് യുനിസെഫ് ഓൺ കാമ്പസ് നോളജ് ഇനിഷ്യേറ്റീവ് വേദികളും അവസരങ്ങളും സൃഷ്ടിക്കും.'അദാനി ഫൗണ്ടേഷൻ നിയന്ത്രിക്കുന്ന അദാനി വിദ്യാ മന്ദിർ, യുണിസെഫുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് ഈ ആഴത്തിലുള്ള പഠനാനുഭവം ഒരുക്കുന്നതിൽ സന്തോഷമുണ്ടെന്ന് അദാനി ഫൗണ്ടേഷൻ ചെയർപേഴ്സൺ ഡോ. പ്രീതി അദാനി പറഞ്ഞു. നിരവധി സംവേദനാത്മക സെഷനുകളിലൂടെയും സംസാരിക്കാനുള്ള അവസരങ്ങളിലൂടെയും കുട്ടികൾക്ക് അവബോധവും ഉത്തരവാദിത്തമുള്ളതുമായ പൗരന്മാരായി സ്വയം വികസിപ്പിക്കാനുള്ള മികച്ച അവസരവും ലഭിക്കുമെന്നും ഡോ. പ്രീതി പറഞ്ഞു.

# ഐ.ടി കുതിപ്പിന് കരുത്ത് പകരാൻ ഇൻഫോപാർക്കിന് കഴിയും: മുഖ്യമന്ത്രി

**കൊച്ചി:**സംസ്ഥാനത്തിന്റെ ഐ.ടി കുതിപ്പിന് കരുത്ത് പകരാൻ ഇൻഫോപാർക്കിന്റെ വികസപ്രവർത്തനങ്ങൾ മുതൽക്കൂട്ടാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാരിന്റെ നൂറു ദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി നിർമാണം പൂർത്തിയാക്കിയ ഇൻഫോപാർക്ക് ഫെയ്സ് ടുവിലെ ജ്യോതിർമയ സമുച്ചയത്തിന്റെ ആറാംനിലയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. നാടിന്റെ ബഹുമുഖ വികസനത്തിന് കുതിപ്പ് പകരുന്ന പുരോഗമനപ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും പുതിയ ഐ.ടി പാർക്കുകളുടെ നിർമാണത്തിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്നും അദ്ദേഹം പറഞ്ഞു. പുതുതായി സജ്ജമാക്കിയ വികസനപ്രവർത്തനങ്ങൾ നാടിന്റെയും പുരോഗതിക്കും ഐ.ടി വ്യവസായ മേഖലയുടെ വളർച്ചയ്ക്കും ജനങ്ങളുടെ ജീവിതനിലവാരമുയർത്താനും സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.ഓൺലൈനായി നടന്ന ചടങ്ങിൽ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു. ഖേൽക്കർ ഐ.എ.എസ് സംസാരിച്ചു. ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ പങ്കെടുത്തു. ഇൻഫോപാർക്കിൽ നടന്ന ചടങ്ങിൽ കുന്നത്തുനാട് എം.എൽ.എ അഡ്വ. പി.വി ശ്രീനിജൻ അധ്യക്ഷനായി. വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശൻ, വാർഡ് മെമ്പർ നവാസ് മാത്രക്കാട്ട്, കുന്നത്തുനാട് ഗ്രാമ പഞ്ചായത്ത് മെമ്പർ നിസ്സാർ ഇബ്രാഹിം, വടവുകോട് ബ്ലോക്ക് പഞ്ചായത്ത് ഡെവെലപ്മെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ജൂബിൾ ജോർജ്, എൽ ഡി എഫ് ജില്ലാ കൺവീനർ ജോർജ് ഇടപ്പരതി, ജനപ്രതിനിധികൾ എൻ.വി.വാസു, പൗലോസ് മുടക്കന്തല എന്നിവരും പങ്കെടുത്തു. ഇൻഫോപാർക്ക് അഡ്മിനിസ്ട്രേഷൻ മാനേജർ റെജി കെ. തോമസ് സ്വാഗതവും ഇൻഫോപാർക്ക് എ.ജി.എം (ബി.ഡി ആൻഡ് ഓപ്പറേഷൻസ്) ശ്രീജിത്ത് ചന്ദ്രൻ നന്ദി പറഞ്ഞു. ജ്യോതിർമയ സമുച്ചയത്തിന്റെ ആറാം നിലയിൽ



പ്രവർത്തനമാരംഭിക്കുന്ന കമ്പനികളെ ചടങ്ങിൽ ആദരിക്കുകയും പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തനമാരംഭിക്കുന്നതിന്റെ ഭാഗമായ ലെറ്റർ ഓഫ് കൺസെന്റ് കൈമാറുകയും ചെയ്തു.35,000 ചതുരശ്ര അടിയിൽ ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി വകുപ്പിന്റെ നേതൃത്വത്തിൽ നിർമാണം പൂർത്തിയാക്കിയ സൗകര്യത്തിൽ 500 ചതുരശ്ര അടി മുതൽ 9,100 ചതുരശ്ര അടി ബിൽട്ട് അപ്പ് സ്പെയ്സുള്ള ചെറുതും വലുതുമായ വ്യത്യസ്ത സീറ്റിങ്ങ് കപ്പാസിറ്റിയുള്ള (11 സീറ്റ് മുതൽ 170 സീറ്റുവരെ) ഒൻപത് പ്ലഗ് ആൻഡ് പ്ലേ ഓഫീസുകളാണ് സജ്ജമാക്കിയിരിക്കുന്നത്. ഓരോ ഓഫീസിലും വർക്ക് സ്റ്റേഷനുകൾ, പ്രത്യേക ക്യാബിനുകൾ, മീറ്റിങ്ങ്/ഡിസ്കഷൻ റൂമുകൾ എന്നിവയും മറ്റ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഇതിന് പുറമേ മികച്ച സൗകര്യങ്ങളോടെ കോൺഫറൻസ് റൂമും പാൻട്രിയും ഈ നിലയിൽ സജ്ജമാക്കിയിട്ടുണ്ട്. രണ്ടു വിങ്ങുകളിലായി നിർമിച്ച വിവിധ ഓഫീസുകളിൽ 550 നേരിട്ടുള്ള തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. ഇതിനോടകം വിവിധ കമ്പനികൾ ഈ ഒൻപത് ഓഫീസുകളിലായി പ്രവർത്തനം ആരംഭിക്കാൻ ഒരുങ്ങിക്കഴിഞ്ഞു. ഹെൽത്ത്ടെക്, വെബ് ഡെവലപ്മെന്റ്, സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ്, സോഫ്റ്റ്വെയർ സർവീസ്, ക്ലൗഡ് കമ്പ്യൂട്ടിങ് ടെക്നോളജി സർവീസ് തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനികളാണ് ഇവിടെ പ്രവർത്തനം നടത്താൻ ഒരുങ്ങുന്നത്.

# കോട്ടുവള്ളിയിൽ മാമ്പഴപ്പൂരം തുടങ്ങി

**കൊച്ചി:** കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് കൃഷിഭവനും, കുടുംബശ്രീ സി. ഡി. എസും സംയുക്തമായി സംഘടിപ്പിക്കുന്ന കോട്ടുവള്ളി മാമ്പഴപ്പൂരം പ്രദർശ്ശന വിപണനമേള കോട്ടുവള്ളി കടുവാങ്കുളത്തിൽ ആരംഭിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് മാമ്പഴോത്സവം ഉദ്ഘാടനം ചെയ്തു. കോട്ടുവള്ളിയിലെ കർഷകരുടെ വീടുകളിൽ നിന്നും ശേഖരിച്ച 85 ഇനം മാങ്ങകളുടെ പ്രദർശന വിപണനവും , വിവിധയിനം മാവിൻ തൈകൾ , മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയുടെ പ്രദർശന വിപണന മേളയും സംഘടിപ്പിച്ചിട്ടുണ്ട്. മാമ്പഴപ്പൂരത്തിന്റെ ഭാഗമായി കുട്ടികൾക്കായി ചിത്രരചനാ മത്സരവും , വിദ്യാർത്ഥികൾക്കും കർഷകർക്കുമായി ബഡിംഗ് ഗ്രാഫ്റ്റിംഗ് പരിശീലനം , കുടുംബശ്രീ വനിതകൾക്കായി , മാമ്പഴപ്പുളിശ്ശേരി , മാമ്പഴ പായസ മത്സരം , കർഷകരും വിദ്യാർത്ഥികളുമായി മാമ്പഴ ചർച്ച , എന്നിവ സംഘടിപ്പിക്കുന്നുണ്ട്. കോട്ടുവള്ളിയിലെ മികച്ച രീതിയിൽ മാവ് പരിപാലനം നടത്തുന്ന കർഷകനെ കണ്ടെത്തി മാമ്പഴ ശ്രീമാൻ പുരസ്ക്കാരം നൽകും. ഏറ്റവും മികച്ച മാങ്ങയിനങ്ങളും , മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്ന കുടുംബശ്രീക്ക് മാമ്പഴ ശ്രീമതി പുരസ്ക്കാരവും നൽകും.മാമ്പഴോത്സവത്തിന്റെ പ്രചരണാർത്ഥം ഗ്രാമ പഞ്ചായത്ത് പരിധിയിലെ 350 വീടുകളിൽ മാവിൻ തൈകൾ നട്ടു. കൊളമ്പ്, സേലം, ചാമ്പ വെള്ളരി, മുണ്ടപ്പ , സേലം ആറ് , ഹിമപസന്ദ്, ജംബോ റെഡ്, സേലം പത്ത് ,നമ്പിയാർ , കോമാങ്ങ, ഗംഗോത്രി , പ്രിയോർ , നാംഡോയി മായ് , മല്ലിക, നീലം, ബങ്കനാപ്പള്ളി, കല്ലുകെട്ടി, അൽഫോൺസ, തത്തമ്മ, മൽഗോവ, കോശ്ശേരി, പഞ്ചവർണ്ണം, മുല്ലക്കാരി മാങ്ങ, സുവർണ്ണ രേഖ , തമ്പോർ , പ്രിയൂർ , ചന്ദ്രക്കാരൻ , ഷീന, ഗുദാദത്ത്, ആപ്പിൾ റുമേനിയ, ബ്ലാക്ക് റോസ് , നിലയ് പസന്ത്, സുന്ദരി , ചക്കര കുട്ടി, കോലാപ്പൂർ , നടുച്ചോല , സോണിയ , കാലാപ്പാടി , മായ, രത്ന, വൈറ്റ് റോസ് , അൽമാപ്പൂർ ബനീഷ്യൻ, കോട്ടൂർക്കോണം, ഹാംലറ്റ് , തോട്ടാപ്പുരി, ചുങ്കിരി, നാട്ടി, കോമ്പോട്ടി, മുണ്ടയൻ പള്ളിയാൻ മുതലായ 85 മാങ്ങാ ഇനങ്ങൾ പ്രദർശനത്തിന് എത്തിച്ചിട്ടുണ്ട്.

# സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് അഭിമുഖം നടത്തുന്നു

**കൊച്ചി:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിൽ വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് അഭിമുഖം നടത്തുന്നു. എസ്. എസ്. എൽ. സി.(പുരുഷൻ ), പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, ബി.ടെക് (ഓട്ടോ മൊബൈൽ ), ഡിപ്ലോമ, ഐ.ടി.ഐ.(എം.എം.വി./എം.എ.ഇ.ഇ.)(പുരുഷൻ ), ഐ.ടി.ഐ., ബി.കോം, എം.കോം, ഡിപ്ലോമ ഇൻ ഗ്രാഫിക് ഡിസൈനിങ്, വീഡിയോ എഡിറ്റിംഗ് എന്നീ വിഷയങ്ങളിൽ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായ പരിധി 18 35. താല്പര്യമുള്ളവർ മെയ് 23 നകം ലാു.രലിൃലലസാ@ഴാമശഹ.രീാ എന്ന ഇമെയിൽ അപേക്ഷിക്കാം. ഫോൺ : 04842422452

## പൊതുസ്ഥലങ്ങളിൽ മാലിന്യം തളളൽ: ബുധനാഴ്ച രജിസ്റ്റർ ചെയ്തത് ഏഴ് കേസുകൾ

**കൊച്ചി:**ജില്ലയിൽ പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നവർക്കെതിരെ ശക്തമായ നടപടികളുമായി പോലീസ്. മാലിന്യം തള്ളുന്നതുമായി ബന്ധപ്പെട്ട് ബുധനാഴ്ച മാത്രം ജില്ലയിൽ ഏഴ് കേസുകൾ രജിസ്റ്റർ ചെയ്തു. കൊച്ചി സിറ്റി പോലീസ് കമ്മീഷണർക്ക് കീഴിൽ വരുന്ന സ്റ്റേഷനുകളിലായി അഞ്ചു കേസുകളും ആലുവ എസ്.പിക്ക് കീഴിൽ റൂറൽ ജില്ലാ പരിധിയിലെ പോലീസ് സ്റ്റേഷനുകളിലായി രണ്ട് കേസുകളും രജിസ്റ്റർ ചെയ്തു.പൊതുജന ആരോഗ്യത്തിന് ഹാനികരവും പകർച്ചവ്യാധി പടരുന്നതിന് കാരണവുമായി മാലിന്യങ്ങൾ പൊതുവിടങ്ങളിൽ തള്ളുന്നതുമായി ബന്ധപ്പെട്ട് കൊച്ചി സിറ്റി പോലീസ് പരിധിയിലെ മരട് പോലീസ് സ്റ്റേഷനിൽ ബുധനാഴ്ച രണ്ട് കേസുകളും, അമ്പലമേട്, കളമശ്ശേരി, തോപ്പുംപടി പോലീസ് സ്റ്റേഷനുകളിൽ ഒന്ന് വീതം കേസുകളും രജിസ്റ്റർ ചെയ്തു.റൂറൽ പരിധിയിൽ പെരുമ്പാവൂർ, പിറവം പോലീസ് സ്റ്റേഷനുകളിൽ ഒന്ന് വീതം കേസുകളും രജിസ്റ്റർ ചെയ്തു. വരും ദിവസങ്ങളിലും പൊതുവിടങ്ങളിൽ മാലിന്യം തള്ളുന്നവർക്കെതിരെ പോലീസ് ശക്തമായ നടപടി സ്വീകരിക്കും.

# പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം: കർശന നടപടി വേണമെന്ന് മന്ത്രി എം.ബി രാജേഷ്



**കൊച്ചി:** പൊതുസ്ഥലങ്ങളിലെ മാലിന്യനിക്ഷേപം കർശനമായി തടയുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കി നടപടികൾ സ്വീകരിക്കണമെന്ന് പോലീസിനും കോർപറേഷനും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് നിർദേശം നൽകി. കൂടുതൽ മാലിന്യം സൃഷ്ടിക്കുന്നിടങ്ങളായ ഫ്ളാറ്റുകൾ, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജുകൾ, ബേക്കറികൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ പോലീസിന്റെ സഹായത്തോടെ കോർപറേഷൻ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ സ്പെഷൽ ഡ്രൈവ് നടത്തി നടപടി സ്വീകരിക്കണം. ഇത്തരം സ്ഥാപനങ്ങളിൽ കോർപറേഷൻ നൽകിയ നോട്ടീസ് പ്രകാരം മാലിന്യസംസ്ക്കരണത്തിന് നടപടി സ്വീകരിക്കാത്തവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും എൻഫോഴ്സ്മെന്റ് നടപടികളുടെ റിപ്പോർട്ട് ഒരാഴ്ച്ചയ്ക്കകം കോർപറേഷൻ സെക്രട്ടി നൽകണമെന്നും മന്ത്രി ആവശ്യപ്പെട്ടു.കൊച്ചി കോർപറേഷനിലെ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. മാലിന്യം തള്ളുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്ന എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ എണ്ണം വർധിപ്പിക്കും. മാലിന്യം തള്ളുന്ന പ്രദേശങ്ങളിൽ കാമറകൾ സ്ഥാപിച്ച് കുറ്റം ചെയ്യുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കും. ഹരിത കർമ സേനയുമായി സഹകരിക്കാത്തവർക്ക് ജൂൺ ഒന്നിനകം കോർപറേഷൻ നോട്ടിന് നൽകും. യൂസർ ഫീസ് നൽകാത്തവരിൽ നിന്ന് പിഴ സഹിതം ഫീസ് ഈടാക്കുവാനും മന്ത്രി നിർദേശിച്ചു. ഹരിത കർമസേനയുടെ പ്രവർത്തനങ്ങളും മന്ത്രി വിലയിരുത്തി. അയ്യപ്പൻകാവിലെ സിഡ്കോയുടെ സ്ഥലം ആർ.ആർ.എഫ്(റിസോഴ്സ് റിക്കവറി ഫെസിലിറ്റി), എം.സി.എഫ്(മെറ്റിരിയൽ കളക്ഷൻ ഫെസിലിറ്റി) എന്നിവ സ്ഥാപിക്കുന്നതിന് ഉപയോഗിക്കും. കോർപറേഷനിലെ എല്ലാ ഡിവിഷനുകളിലും എം.സി.എഫ് അടിയന്തരമായി സ്ഥാപിക്കും. നിലവിൽ 40 ഡിവിഷനുകളിൽ എം.സി.എഫ് സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആർ.ആർ.എഫ് സ്ഥാപിക്കുന്ന നടപടികളും വേഗത്തിൽ പൂർത്തിയാക്കും. യോഗത്തിൽ മേയർ എം.അനിൽകുമാർ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, ഡെപ്യൂട്ടി മേയർ കെ.എ ആൻസിയ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ അഷ്റഫ്, കൊച്ചി സിറ്റി ഡെപ്യൂട്ടി കമ്മീഷണർ എസ്.ശശീധരൻ, കോർപറേഷൻ സെക്രട്ടറി ബാബു അബ്ദുൾ ഖാദർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# മാലിന്യമുക്തം നവകേരളം ക്യാംപയിനിൽ നാഷണൽ സർവീസ് സ്കീം പങ്കാളിത്തം



**കൊച്ചി:** മാലിന്യ മുക്തം നവകേരളം ക്യാംപയിനിൽ നാഷണൽ സർവീസ് സ്കീം (എൻ.എസ്.എസ്) പങ്കാളികളാകുന്നതിന്റെ സംസ്ഥാനതല പ്രഖ്യാപനം മറൈൻഡ്രൈവിൽ നടന്ന ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് നിർവഹിച്ചു.അസംസ്കൃത മാലിന്യങ്ങൾ തരംതിരിച്ച് ഹരിത കർമ്മ സേനയെ ഏല്പിക്കുകയും ശുചീകരണ പ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്തം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് എൻ.എസ്.എസ് പങ്കാളിത്തം ഉറപ്പാക്കുന്നത്. 200 എൻ.എസ്.എസ് വോളന്റിയർമാരുടെ നേതൃത്വത്തിൽ മറൈൻ ഡ്രൈവ് പരിസരം വൃത്തിയാക്കി. കൂടാതെ മാലിന്യ ശേഖരണവും സംസ്കരണവുമായി ബന്ധപ്പെട്ട ബോധവത്കരണ ക്ലാസുകളും നടത്തി. ടി.ജെ വിനോദ് എംഎൽഎ, മേയർ അഡ്വ. എം അനിൽകുമാർ, കൗൺസിലർ മനു ജേക്കബ്, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി.എം ഷെഫീക്ക്, എൻ എസ് എസ് സ്റ്റേറ്റ് ഓഫീസർ സോ. ആർ.എൻ അൻസർ, എം ജി യൂണിവേഴ്സിറ്റി എൻ.എസ്.എസ് കോ ഓഡിനേറ്റർ ഡോ.എൻ.ശിവദാസ്, നവകേരളം ജില്ലാ കോ ഓഡിനേറ്റർ എസ്.രഞ്ജിനി, ശുചിത്വ മിഷൻ ജില്ലാ കോ ഓഡിനേറ്റർ കെ.കെ മനോജ്, ശുചിത്വ മിഷൻ പ്രോഗ്രാം ഓഫീസർ ആർ.എസ് അമീർഷ, ശുചിത്വ മിഷൻ പ്രോഗ്രാം കോ ഓഡിനേറ്റർ ധന്യ, യൂത്ത് കോ ഓഡിനേറ്റർ ആർ.എച്ച് സുഹാന തുടങ്ങിയവർ പങ്കെടുത്തു.

# വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണ ഉദ്ഘാടനം

**കൊച്ചി:** സംസ്ഥാന ഭാഗ്യക്കുറി ഏ!ജൻറുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പിൻറെ 2022 വർഷത്തെ ജില്ലാതല വിതരണ ഉദ്ഘാടനം 18ന് റവന്യൂ ടവറിലുള്ള ജില്ലാ ഭാഗ്യക്കുറി കോൺഫറൻസ് ഹാളിൽ നടന്നു. കെ.ജെ.മാക്സി എംഎൽഎ ഉദ്ഘാടനം യോഗം ഉദ്ഘാടനം ചെയ്തു.ക്ഷേമനിധി ബോർഡ് അംഗം ഹഫ്സൽ സുലൈമാൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡിവിഷൻ കൗൺസിലർ പത്മജാ എസ് മേനോൻ, അനിൽകുമാർ ആർ റീജിയണൽ ജോയിൻറ് ഡയറക്ടർ, മോഹനൻ പി.എസ്.(സിഐടു), ബാബു കടമക്കുടി (എഐടിയുസി), ബേബി തോമസ് (ഐ എൻടിയുസി) ജയിംസ് അധികാരം (ഐ എൻടിയുസി) എന്നിവർ പങ്കെടുത്തു.

# നിയമ പരിരക്ഷയ്ക്കു റെറ രജിസ്ട്രേഷൻ നിർബന്ധം:



**കൊച്ചി :** വിശ്വാസ്യതയും നിയമ പരിരക്ഷയും ഉറപ്പാക്കാനായി റിയൽ എസ്റ്റേറ്റ് പ്രൊജക്ടുകൾ ചട്ടപ്രകാരമുള്ള റെറ രജിസ്ട്രേഷൻ ചെയ്തിരിക്കണമെന്ന് കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി (കെ റെറ) ചെയർമാൻ പി. എച്ച്. കുര്യൻ കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി വിവിധ ജില്ലകളിലെ പ്രോമോട്ടർമാരെ വിളിച്ചു ചേർത്ത യോഗത്തിലാണ് ചെയർമാൻ ഇക്കാര്യം പറഞ്ഞത്. റെറ രജിസ്ട്രേഷൻ നമ്പർ പ്രദർശിപ്പിക്കാതെ പ്രൊജക്ടുകൾ ഏതെങ്കിലും രീതിയിൽ വിൽപ്പനയ്ക്കായി പരസ്യം ചെയ്യുന്നത് ചട്ടലംഘനമാണെന്നും അത്തരം കാര്യങ്ങൾ പിഴയീടാക്കുന്നതിലേക്ക് നയിക്കുമെന്നും അദ്ദേഹം ഓർമിപ്പിച്ചു. അതോറിറ്റി അംഗങ്ങളായ അഡ്വ. പ്രീത പി. മേനോൻ, എം. പി. മാത്യൂസ്, സെക്രട്ടറി വൈ. ഷീബ റാണി എന്നിവരും ചടങ്ങിൽ പ്രസംഗിച്ചു.

# കോരൻ കടവ് പാലം ഗതാഗതത്തിനു തുറന്നു നൽകുന്നു

**കൊച്ചി:** പിറവം കുന്നത്തുനാട് നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിച്ചു നിർമ്മാണം പൂർത്തിയാക്കിയ കോരൻകടവ് പാലം ഗതാഗതത്തിനു തുറന്നു നൽകുന്നു. ഇന്ന് ഉച്ചക്ക് 12.30ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് പാലം നാടിന് സമർപ്പിക്കും. ചടങ്ങിൽ പി.വി.ശ്രീനിജിൻ എം.എൽ.എ.അധ്യക്ഷത വഹിക്കും. അനൂപ് ജേക്കബ് എം.എൽ.എ. മുഖ്യാതിഥിയാകും.മൂവാറ്റുപുഴയാറിന് കുറുകെ 134 മീറ്റർ നീളത്തിൽ ഇരുവശത്തും ഒന്നര മീറ്റർ നടപ്പാതയടക്കം11 മീറ്റർ വീതിയിലാണ് പാലം നിർമ്മിച്ചിരിക്കുന്നത്. പാലം യാഥാർത്ഥ്യമാകുന്നതോടെ പിറവം, കൂത്താട്ടുകുളം മേഖലകളിൽ നിന്ന് കോലഞ്ചേരിയിലേക്കുള്ള ദൂരം ഗണ്യമായി കുറയും. ഇതോടെ മണ്ഡലങ്ങളിലെ ഗ്രാമീണ മേഖലയിൽ വൻ വികസന മുന്നേറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. 2010ൽ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽപ്പെടുത്തി പാലത്തിന് 9.15 കോടി രൂപ അനുവദിച്ചതോടെയാണ് പാലത്തിന്റെ നിർമ്മാണം പ്രവർത്തനങ്ങൾ ആരംഭിച്ചത്.

# മിഷൻ അമൃത് സരോവർ: ആമ്പിള്ളിച്ചിറ പുനരുദ്ധാരണം



**കൊച്ചി:** മിഷൻ അമൃത് സരോവർ പദ്ധതിയുടെ ഭാഗമായി വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ വക്കുവള്ളി വാർഡിലെ ആമ്പിള്ളിച്ചിറയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുൾപ്പെടുത്തിയാണ് ചിറ നവീകരിക്കുന്നത്. ഏകദേശം 70 സെന്റ് വിസ്തൃതിയുള്ള ജലാശയമാണ് ആമ്പിള്ളിച്ചിറ. പ്രദേശത്തെ പ്രധാന ജലാശയം കൂടിയാണിത്. പായലും ചെളിയും നീക്കി ചിറ വൃത്തിയാക്കുന്നതിനോടൊപ്പം ചുറ്റും ഫലവൃക്ഷത്തൈകളും മറ്റ് ചെടികളും വച്ചു പിടിപ്പിച്ച് സംരക്ഷിക്കും. നിലവിൽ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കാലാവസ്ഥ അനുകൂലമാണെങ്കിൽ ഒരാഴ്ച്ചകൊണ്ട് പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.പദ്ധതി വഴി തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊള്ളായിരത്തിൽ പരം തൊഴിൽ ദിനങ്ങളാണ് ലഭിക്കുക. രാജ്യത്തെ ഓരോ ജില്ലയിലെയും 75 ജലാശയങ്ങൾ വികസിപ്പിക്കുകയോ പുനരുജ്ജീവിപ്പിക്കുകയോ ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി അമൃത് സരോവർ പദ്ധതി നടപ്പിലാക്കുന്നത്.

# പുതിയ ഷൈൻ 100 അവതരിപ്പിച്ച് ഹോണ്ട




**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ ഷൈൻ 100 ഉത്തർപ്രദേശിൽ അവതരിപ്പിച്ചു. ആദ്യദിനം തന്നെ ഉത്തർപ്രദേശിലുടനീളം 500 യൂണിറ്റ് ഷൈൻ 100 ഹോണ്ട വിതരണം ചെയ്തു. കമ്പനിയുടെ ഏറ്റവും മിതമായവിലയിൽ ഇന്ധനക്ഷമതയുള്ള മോട്ടോർസൈക്കിളാണിത്. നിലവിൽ 125സിസി മോട്ടോർസൈക്കിൾ വിഭാഗത്തിലെ ഏറ്റവും ജനപ്രിയവും വിശ്വസനീയവുമായ ബ്രാൻഡാണ് ഹോണ്ട ഷൈൻ. ഷൈൻ 100 മോട്ടോർസൈക്കിളിലൂടെ 100സിസി യാത്രക്കാരുടെ വിഭാഗത്തിലും സാന്നിധ്യമറിയിക്കുകയാണ് കമ്പനി. ഉപഭോക്താക്കളൂടെ കൂടുതൽ വിശ്വാസ്യതക്കായി 12 പേറ്റൻറ് ആപ്ലിക്കേഷനുകളോടെയാണ് ഷൈൻ 100 എത്തുന്നത്. മെച്ചപ്പെടുത്തിയ സ്മാർട്ട് പവർ (ഇഎസ്പി) അടിസ്ഥാനമാക്കിയ പുതിയ 100സിസി ഒബിഡി2 പിജിഎംഎഫ്ഐ എഞ്ചിനാണ് ഷൈൻ 100ന്. 10 വർഷത്തെ പ്രത്യേക വാറൻറി (3 വർഷത്തെ സ്റ്റാൻഡേർഡ് + 7 വർഷത്തെ ഓപ്ഷണൽ എക്സ്റ്റൻഡഡ് വാറൻറി) പാക്കേജും ഷൈൻ 100ന് നൽകുന്നു. എക്സ്റ്റേണൽ ഫ്യൂവൽ പമ്പാണ് മറ്റൊരു പ്രത്യേകത. നീളമുള്ളതും സുഖകരവുമായ 677 എം.എം സീറ്റ് റൈഡിങ് സുഖമമാക്കും. എഞ്ചിൻ ഇൻഹിബിറ്ററുള്ള സൈഡ് സ്റ്റാൻഡ് സംവിധാനം സൈഡ് സ്റ്റാൻഡിൽ എഞ്ചിൻ സ്റ്റാർട്ട് ചെയ്യുന്നതും തടയും. ഇക്വലൈസറോടുകൂടിയ കോംബി ബ്രേക്ക് സിസ്റ്റം ആണ് മറ്റൊരു സവിശേഷത. ഭാരം കുറഞ്ഞ ഡ്യൂറബിൾ സ്റ്റീൽ ഫ്രെയിം ആണ് ഷൈൻ 100നുള്ളതെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആന്റ് സ്കൂട്ടർ ഇന്ത്യ പ്രസിഡന്റും സിഇഒ ആന്റ് മാനേജിംഗ് ഡയറക്ടറുമായ സുത്സുമു ഒട്ടാനി പറഞ്ഞു.1245 എംഎം ലോങ് വീൽബേസും, 168 എംഎം ഗ്രൗണ്ട് ക്ലിയറൻസും കൂടിയ വേഗതയിലും മോശം റോഡിലും റൈഡർക്ക് ആത്മവിശ്വാസം നൽകും. ഷൈൻ 125ൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട ഡിസൈനാണ് ഷൈൻ 100നും. ഗ്രാഫിക് തീം, ആകർഷകമായ ഫ്രണ്ട് കൗൾ, മൊത്തം കറുപ്പ് നിറത്തിലുള്ള അലോയ് വീൽസ്, പ്രാക്ടിക്കൽ അലുമിനിയം ഗ്രാബ് റെയിൽ, ബോൾഡ് ടെയിൽ ലാംപ്, വ്യത്യസ്തമായ സ്ലീക്ക് മഫ്ലർ എന്നിവ ഷൈൻ 100ന്റെ രൂപഭംഗി വർധിപ്പിക്കുന്നു.ബ്ലാക്ക് വിത്ത് റെഡ് സ്ട്രൈപ്സ്, ബ്ലാക്ക് വിത്ത് ബ്ലൂ സ്ട്രൈപ്സ്, ബ്ലാക്ക് വിത്ത് ഗ്രീൻ സ്ട്രൈപ്സ്, ബ്ലാക്ക് വിത്ത് ഗോൾഡ് സ്ട്രൈപ്സ്, ബ്ലാക്ക് വിത്ത്ഗ്രേ സ്ട്രൈപ്സ് എന്നിങ്ങനെ അഞ്ച് നിറഭേദങ്ങളിൽ ഷൈൻ 100 ലഭിക്കും. 62,900 രൂപയാണ് (എക്സ് ഷോറൂം, ഉത്തർപ്രദേശ്) വില.ഈ മേഖലയിലെ തങ്ങൾ പുതിയ മാനദണ്ഡങ്ങൾ കൊണ്ടുവരുന്നത് തുടരുകയാണ്. ഗുണനിലവാരം, പ്രകടനം, മിതമായവില, ശൈലി എന്നീ വാഗ്ദാനങ്ങൾ നിറവേറ്റുന്ന ഷൈൻ 100 ലഭ്യമാക്കുന്നതിൽ അഭിമാനിക്കുന്നു. ഷൈൻ 100 ഈ വ്യവസായത്തിൽ ഒരു പുതിയ മാനദണ്ഡം സ്ഥാപിക്കുമെന്നും മികച്ച ഭാവിക്ക് വഴിയൊരുക്കുമെന്നും സുത്സുമു ഒട്ടാനി പറഞ്ഞു.ഷൈൻ 100ന്റെ വിശ്വസനീയമായ പ്രകടനം, സുഖപ്രദമായ യാത്ര, മിതമായവില എന്നിവയിലൂടെ അളുകളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ അവരെ ശാക്തീകരിക്കാനാണ് തങ്ങൾ ലക്ഷ്യമിടുന്നത്. ഷൈൻ 100 സമാനതകളില്ലാത്ത മൂല്യം വാഗ്ദാനം ചെയ്തുകൊണ്ട് ഓരോ ഇന്ത്യൻ യാത്രക്കാരുടെയും പ്രതീക്ഷകളെ മറികടക്കുമെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഓപ്പറേറ്റിങ് ഓഫീസർ യോഗേഷ് മാത്തൂർ പറഞ്ഞു.

# ഏറ്റവും വലിയ കലാ സാംസ്കാരിക കേന്ദ്രവുമായി കിരൺ നാടാർ മ്യൂസിയം ഓഫ് ആർട്ട്സ്

**കൊച്ചി** :കിരൺ നാടാർ മ്യൂസിയം ഓഫ് ആർട്ട്സ് (കെഎൻഎംഎ) പുതിയതായി ഡൽഹിയിൽ നിർമിക്കുന്ന കലാസാംസ്കാരിക കേന്ദ്രത്തിന്റെ രൂപകൽപ്പന അനാച്ഛാദനം ചെയ്തു. പ്രമുഖ ഘാനിയൻബ്രിട്ടീഷ് വാസ്തുശിൽപിയായ സർ ഡേവിഡ് അഡ്ജയ്, എസ് ഘോഷ് ആന്റ് അസോസ്സിയേറ്റ്സുമായി സഹകരിച്ചാണ് കലാസാംസ്കാരിക കേന്ദ്രത്തിന്റെ രൂപകൽപന ചെയ്യ്തത്. 2026ൽ ഉദ്ഘാടനം കഴിയുന്നതോടെ ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ കലാസാംസ്കാരിക കേന്ദ്രമായിത് മാറും. പുതിയ കേന്ദ്രം ഡൽഹി ഇന്ദിരാ ഗാന്ധി വിമാനത്താവളത്തിന് സമീപമായി 1,00,000 ചതുരശ്ര മീറ്ററിലായാണ് പ്രവർത്തിക്കുക. ഇവിടെ കലാപ്രദർശനങ്ങൾ നടത്തുകയും സ്ഥിരം പ്രദർശനങ്ങൾക്ക് അവസരം നൽകുകയും ചെയ്യും. കൂടാതെ ദൃശ്യകല, സംഗീതം, നൃത്തം, തീയ്യറ്റർ എന്നിവയ്ക്കുള്ള സൗകര്യവുമുണ്ടായിരിക്കും. കിരൺ നാടാർ മ്യൂസിയം ഓഫ് ആർട്ട്സ് സാകേതിൽ മെയ് 28 വരെ കൾച്ചറൽ സെന്ററിന്റെ മാതൃക പൊതുജനങ്ങൾക്ക് വീക്ഷിക്കാം. ഇതിനൊപ്പംപ്രശസ്ത കലാകാരന്മാരായ തെയ്ബ് മേത്ത, സറീന, നസ്റീൻ മൊഹമെദി എന്നിവരുടെ ആർട്ട് വർക്കുകളും സമകാലിക ചലചിത്ര നിർമാതാവായ അമിത് ദത്തയുടെ ടച്ച് ബൈ എയർ (2023) എന്ന ചിത്രവും പ്രദർശിപ്പിക്കും. 2010ലാരംഭിച്ച കിരൺ നാടാർ മ്യൂസിയം ഓഫ് ആർട്ട്സിൽ ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമുള്ള പതിനായിരത്തിലേറെ ആധുനീക,



സമകാലിക സൃഷ്ടികൾ പ്രദർശിപ്പിച്ചിട്ടുണ്ട്.എല്ലാവർക്കും പ്രവേശനമുള്ള ഒരു ലോകോത്തര സാംസ്കാരിക കേന്ദ്രമാണ് ഞങ്ങളുടെ ലക്ഷ്യമെന്നു കെഎൻഎംഎ സ്ഥാപകനും ചെയർപേഴ്സണുമായ കിരൺ നാടാർ പറഞ്ഞു. പുതിയതായി നിർമിക്കുന്ന കൾച്ചറൽ സെന്റർ സമൂഹവും കലയും തമ്മിലുള്ള അകലം കുറക്കുമെന്നും കിരൺ നാടാർ കൂട്ടിച്ചേർത്തു. സമകാലിക ഇന്ത്യൻ കലയ്ക്ക് ഉയരാനുള്ള അവസരമാണ് മ്യൂസിയം നൽകുന്നതെന്ന് വാസ്തു ശിൽപിയായ സർ ഡേവിഡ് അഡ്ജെയ് പറഞ്ഞു.

# നിസ്സാൻ മാഗ്നൈറ്റ് ഗെസ്സ സ്പെഷ്യൽ എഡിഷൻ പുറത്തിറക്കി




**കൊച്ചി:** ബിഎസ്യുവി മോഡലായ മാഗ്നൈറ്റിന്റെ സ്പെഷ്യൽ എഡിഷൻ ഗെസ്സ ഇന്ത്യയിൽ പുറത്തിറക്കി നിസ്സാൻ മോട്ടോർ ഇന്ത്യ.പ്രീമിയം ഓഡിയോ, ഇൻഫോടൈൻമെന്റ് സവിശേഷതകൾ ഉൾകൊള്ളിച്ചുകൊണ്ടാണ് നിസ്സാൻ മാഗ്നൈറ്റ് ഗെസ്സ സ്പെഷ്യൽ എഡിഷൻ പുറത്തിറക്കിയത്. ബുക്കിങ് ആരംഭിച്ചു. ഇന്ത്യയിലെ എല്ലാ നിസ്സാൻ ഷോറൂമുകളിലും 11,000 രൂപയടച്ച് നിസ്സാൻ മാഗ്നൈറ്റ് ഗെസ്സ ബുക്ക് ചെയ്യാം.ഹൈറെസല്യൂഷൻ 22.86 സി.എം ടച്ച്സ്ക്രീൻ, വയർലെസ് കണക്റ്റിവിറ്റിയുള്ള ആൻഡ്രോയിഡ് കാർപ്ലേ, പ്രീമിയം ജെ ബി എൽ സ്പീക്കറുകൾ, ട്രജെക്ടറി റിയർ ക്യാമറ, ആപ്പ് നിയന്ത്രിത ആംബിയന്റ് ലൈറ്റിംഗ്, ഷാർക്ക് ഫിൻ ആന്റിന, പ്രീമിയം ബീജ് കളർ സീറ്റ് അപ്ഹോൾസ്റ്ററി എന്നീ സവിശേഷതകളോടുകൂടിയും ഇലക്ട്രോണിക് സ്റ്റെബിലിറ്റി പ്രോഗ്രാം, ട്രാക്ഷൻ കൺട്രോൾ സിസ്റ്റം, ഹിൽ സ്റ്റാർട്ട് അസിസ്റ്റ്, ടയർ പ്രഷർ മോണിറ്ററിംഗ് സിസ്റ്റം എന്നീ സുരക്ഷ സംവിധാനങ്ങളോടുകൂടിയും വരുന്ന നിസ്സാൻ മാഗ്നൈറ്റ് ഗെസ്സ സ്പെഷ്യൽ എഡിഷന്റെ വിലവിവരങ്ങൾ മെയ് 26ന് പ്രഖ്യാപിക്കും.ബെസ്റ്റ് ഇൻ ക്ലാസ്സ് ഫീച്ചറുകളോടെ വരുന്ന നിസ്സാൻ മാഗ്നൈറ്റ് ഗെസ്സ സ്പെഷ്യൽ എഡിഷൻ ഉപഭോക്താക്കൾക്കിടയിൽ മാഗ്നൈറ്റിന്റെ മൂല്യം ഇനിയും വർധിപ്പിക്കാൻ സഹായിക്കുമെന്ന് നിസ്സാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ രാകേഷ് ശ്രീവാസ്തവ നിസ്സാൻ മാഗ്നൈറ്റ് ഗെസ്സ സ്പെഷ്യൽ എഡിഷൻ പുറത്തിറക്കികൊണ്ട് അഭിപ്രായപ്പെട്ടു.

# കൊച്ചി മെട്രോ: സമയം പുതുക്കി ; ഞായറാഴ്ചകളിൽ സർവ്വീസ് 7.30ന്



**കൊച്ചി:** കഴിഞ്ഞ ആഴ്ച്ച നടത്തിയ ഓൺലൈൻ സർവ്വേയിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങൾ പരിഗണിച്ചാണ് കൊച്ചി മെട്രോ ഞായറാഴ്ച്ചകളിലെ സർവ്വീസ് തുടങ്ങുന്ന സമയം പുതുക്കി നിശ്ചയിച്ചത്. മെയ് 21 മുതൽ ഞായറാഴ്ച്ചകളിൽ കൊച്ചി മെട്രോ രാവിലെ 7.30ന് സർവ്വീസ് ആരംഭിക്കും. നിലവിൽ 8 മണിക്കാണ് ഞായറാഴ്ച്ചകളിൽ സർവ്വീസ് ആരംഭിച്ചിരുന്നത്. കഴിഞ്ഞ ആഴ്ച്ച നടത്തിയ ഓൺലൈൻ സർവ്വേയിൽ 83 ശതമാനം പേർ സർവ്വീസ് സമയം നീട്ടണമെന്ന് അഭിപ്രായപ്പെട്ടു. മെയ് മാസത്തിൽ യാത്രക്കാരുടെ എണ്ണം ദിനം പ്രതി ഉയരുന്നുണ്ട്. ഈ മാസം ഒൻപത് ദിവസം ഒരുലക്ഷത്തിലധികം പേർ ദിനംപ്രതി കൊച്ചി മെട്രോയിൽ യാത്ര ചെയ്തു. ഈ മാസം എല്ലാ ദിവസവും തൊണ്ണൂറായിരത്തിലധികം പേർ നിലവിൽ കൊച്ചി മെട്രോയിൽ യാത്ര ചെയ്യുന്നുണ്ട്. കൂടൂതൽ പേർ യാത്രകൾക്കായി കൊച്ചി മെട്രോ സർവ്വീസുകൾ ഉപയോഗപ്പെടുത്തുന്നുവെന്നത് സ്വാഗതാർഹമാണെന്ന് കെ.എം.ആർ.എൽ അധികൃതർ അറിയിച്ചു.സ്കൂളുകൾ തുറക്കുന്നതിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി പ്രത്യേക ഓഫറുകളും കൊച്ചി മെട്രോ ഒരുക്കിയിട്ടുണ്ട്. 900 രൂപയ്ക്ക് ഒരു മാസം മുഴുവൻ പരിധികളില്ലാതെ യാത്ര ചെയ്യാൻ വിദ്യ30 കാർഡും 450 രൂപയ്ക്ക് ഒരു മാസത്തേക്ക് മൈബൈക്കിന്റെ സൈക്കിളും കോമ്പോ ഓഫറായി വിദ്യാർത്ഥികൾക്ക് ലഭിക്കും. ജെഎൽഎൻ സ്റ്റേഡിയം മെട്രോ സ്റ്റേഷനിൽ ഈ മാസം 23ന് നടക്കുന്ന ക്യാപെയ്നിൽ രജിസ്റ്റർ ചെയ്ത് വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം സ്വന്തമാക്കാം.

# കാൻസർ: 100 കുഞ്ഞുങ്ങൾക്ക് കോഴിക്കോട് ആസ്റ്റർ മിംസിൽ സൗജന്യ ചികിത്സ

**തിരുവനന്തപുരം:** കോഴിക്കോട് ആസ്റ്റർ മിംസിന്റെയും ആസ്റ്റർ ഡി എം ഹെൽത്ത്കെയറിന്റെ ആഗോളതലത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധസേവന സംഘടനയായ ആസ്റ്റർ വളണ്ടിയേഴ്സിന്റെയും, ആസ്റ്റർ ഡി എം ഫൗണ്ടേഷന്റെയും, സന്നദ്ധസേവന രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് വ്യക്തികളുടേയും സംഘടനകളുടേയും സഹകരണത്തോടെ ഇന്ത്യയിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കാൻസർ ബാധിതരായ 100 കുഞ്ഞുങ്ങൾക്ക് സൗജന്യ ചികിത്സ നിർവ്വഹിക്കുന്നു. തിരുവനന്തപുരത്ത് വച്ച് നടന്ന ചടങ്ങിൽ മജീഷ്യനും മോട്ടിവേഷണൽ സ്പീക്കറുമായ ഗോപിനാഥ് മുതുകാട് 'സെക്കന്റ് ലൈഫ് 2.0' പദ്ധതി ഉദ്ഘാടനം ചെയ്തു.ആസ്റ്റർ മിംസിന്റെ സെക്കന്റ് ലൈഫ് 2.0 ന്റെ ഭാഗമാക്കാൻ കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ടെന്നും ഇതുപോലുള്ള പദ്ധതിയിലൂടെ അർഹരായ ഓരോ കുട്ടിയ്ക്കും മികച്ച ജീവൻ രക്ഷ ചികിത്സ നൽകാൻ സാധിക്കുമെന്നും ആസ്റ്റർ മിംസിന്റ ഈ ഉദ്യമത്തെ അഭിനന്ദിച്ചുകൊണ്ട് ഗോപിനാഥ് മുതുകാട് പറഞ്ഞു.കുട്ടികളിൽ കണ്ടുവരുന്ന ഭൂരിഭാഗം കാൻസറുകൾക്കെതിരേയും ശാസ്ത്രീയമായ ചികിത്സയിലൂടെ വിജയം കൈവരിക്കാവുന്നതാണ്. പണ്ട് ചികിത്സയില്ലാതിരുന്ന പല കാൻസറുകളെയും പുതിയ കണ്ടുപിടുത്തങ്ങളുടെയും ഗവേഷണങ്ങളുടെയും ഫലമായി, ഇപ്പോൾ ചികിത്സിച്ച് ഭേദമാക്കാവുന്നതാണ്. കുട്ടികളിൽ കണ്ടുവരുന്ന രക്താർബുദം, ബ്രെയിൻ ട്യൂമർ , കരളിനെ ബാധിക്കുന്ന ട്യൂമർ , വൃക്കയെ ബാധിക്കുന്ന ക്യാൻസർ, എല്ലുകളെ ബാധിക്കുന്ന ക്യാൻസറും , മറ്റ് കാൻസറുകളിൽ വിജയസാധ്യത 75 ശതമാനത്തിലും മുകളിലെത്തിയിട്ടുണ്ട്.ഒരു വർഷം നീണ്ടുനിൽക്കുന്ന പദ്ധതിയിലൂടെ, ജീവന് ഭീഷണിയാകുന്ന കാൻസർ രോഗങ്ങളെ അഭിമുഖീകരിക്കുകയും ചികിത്സകളിലൂടെ ജീവൻ തിരിച്ച് ലഭിക്കുന്നതുമായ ഏറ്റവും അർഹതപ്പെട്ട 100 കുഞ്ഞുങ്ങൾക്കാണ് തികച്ചും സൗജന്യമായി ചികിത്സ ലഭ്യമാക്കുന്നത് എന്ന് കോഴിക്കോട് ആസ്റ്റർ മിംസ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ലുക്മാൻ പൊന്മാടത് പറഞ്ഞു.അർഹരായവരെ കണ്ടെത്താനായി കൃത്യമായ മാനദണ്ഡങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. സാമൂഹികസാമ്പത്തിക വശങ്ങളും, ബി പി എൽ കാറ്റഗറിയും, ചികിത്സയിലൂടെ ജീവിതം തിരിച്ച് ലഭിക്കാനുള്ള സാധ്യതയുമെല്ലാം ഇതിൽ ഉൾപ്പെടുന്നു. രജിസ്ട്രേഷന് വേണ്ടി 9633 620 660, 95 62 233 233, എന്നീ നമ്പറുകളിൽ (9മാ 6ാ)ബന്ധപ്പെടാവുന്നതാണ്.പരിചയസമ്പന്നരായ വിദഗ്ധരുടെ പരിചരണമാണ് പീഡിയാട്രിക് ക്യാൻസറിന് ആവശ്യം. ഇന്ത്യയിലെ ഏറ്റവും മികച്ച പീഡിയാട്രിക് / പീഡിയാട്രിക് കാൻസർ വിഭാഗങ്ങളുടെ സേവനം ആസ്റ്ററിന്റെ കോഴിക്കോടെ മിംസ് ഹോസ്പിറ്റലിൽ ലഭ്യമാണ്, പീഡിയാട്രിക് ഹെമറ്റോ ഓങ്കോളജിസ്റ് ഡോ കേശവൻ എം ആറിന്റെയും, ക്ലിനിക്കൽ ഹെമറ്റോളജിസ്റ്




ആൻഡ് ഹെമറ്റോ ഓങ്കോളജിസ്റ് ഡോ സുധീപ് വി യുടെയും നേതൃത്വത്തിലുള്ള മുഴുവൻ സമയ ടീമിന്റെ പരിചരണം ലഭ്യമാവും. അർഹരായവർക്ക് ആശ്വാസം നൽകാൻ സാധിക്കുന്ന മാതൃകാപരമായ ഈ പദ്ധതിയുടെ ആനുകൂല്യം പരമാവധി പേർക്ക് ലഭ്യമാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. പ്രാരംഭ ഘട്ടത്തിൽ 100 പേർക്കാണ് വിഭാവനം ചെയ്യപ്പെടുന്നത്. എങ്കിലും ഭാവിയിൽ കൂടുതൽ പേർക്ക് സഹായം എത്തിക്കാൻ സാധിക്കുമെന്ന പ്രത്യാശ ഞങ്ങൾക്കുണ്ട്' ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ പറഞ്ഞു.ഡോ.നൗഫൽ ബഷീർ എം സി സി(ഡെപ്യൂട്ടി സി എം എസ് ആസ്റ്റർ മിംസ് കോഴിക്കോട്), ഡോ.ഗംഗാധരൻ കെ.വി (ഡയറക്ടർ, ആസ്റ്റർ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി, ഡോ. കേശവൻ എം ആർ (കൺസൾറ്റന്റ് പീഡിയാട്രിക് ഹെമറ്റോളജി, ഓങ്കോളജി & ബി എം ടി), ലുക്മാൻ പി (ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ) സിജു ടി കുര്യൻ (ഡെ. മാനേജർ, ബിസിനസ് ഡെവലപ്മെന്റ്), നിതിൻ കെ എസ് (എക്സിക്യൂട്ടീവ് ബിസിനസ് ഡെവലപ്മെന്റ്) എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# ഉപകരണങ്ങൾ വിതരണം ചെയ്തു

**കൊച്ചി:** സർക്കാർ സംവിധാനങ്ങൾ ഏറ്റവും അർഹത ഉള്ളവർക്ക് ലഭ്യമാക്കണമെന്ന് കളക്ടർ എൻ. എസ്. കെ. ഉമേഷ് പറഞ്ഞു. തൃക്കാക്കര നഗരസഭയിൽ ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങളുടെ വിതരണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓരോ വ്യക്തിയുടെയും ശാരീരിക പരിമിതികൾ മനസിലാക്കി ഡോക്ടറുടെ നിർദ്ദേശപ്രകാരം തയ്യാറാക്കിയ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന നഗരസഭയുടെ പ്രവർത്തനം അഭിനന്ദനാർഹമാണെന്നും കളക്ടർ പറഞ്ഞു.നഗരസഭയുടെ 2022 23 ജനകീയാസൂത്രണ പദ്ധതി പ്രകാരം നാല് ലക്ഷം രൂപ ചെലവഴിച്ചാണ് ഉപകരണങ്ങൾ വിതരണം ചെയ്തത്. സ്റ്റാറ്റിക് സൈക്കിൾ, തെറാപ്പി മാറ്റ്, എയർ ബെഡ്, വിവിധ വീൽ ചെയറുകൾ ഉൾപ്പെടെ 25 പേർക്കാണ് ഉപകരണങ്ങൾ നൽകിയത്.നഗരസഭ അങ്കണത്തിൽ നടന്ന പരിപാടിയിൽ നഗരസഭ ചെയർപേഴ്സൺ അജിത തങ്കപ്പൻ അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ എ. എ. ഇബ്രാഹീംകുട്ടി, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷരായ സ്മിത സണ്ണി, സുനീറ ഫിറോസ്, ഉണ്ണി കാക്കനാട്, നൗഷാദ് പല്ലച്ചി, ഐ.സി.ഡി.എസ് സൂപ്പർവൈസർ സി.ആർ. പ്രിയ, വിവിധ വാർഡ് കൗൺസിലർമാർ തുടങ്ങിയവർ പങ്കെടുത്തു.

# സൗത്ത് ഇന്ത്യൻ ബാങ്കിന് ദേശീയ, അന്തർദേശീയ അംഗീകാരങ്ങൾ

**തൃശൂർ:** സൗത്ത് ഇന്ത്യൻ ബാങ്ക് രണ്ട് പുരസ്കാരങ്ങൾ സ്വന്തമാക്കി. സിംഗപ്പൂരിൽ നടന്ന ആറാമത് ഡിജിറ്റൽ സിഎക്സ് അവാർഡ്സിൽ 'ഔട്ട്സ്റ്റാൻഡിങ് ഡിജിറ്റൽ സിഎക്സ് എസ്എംഇ ലോൺസ്' വിഭാഗത്തിലാണ് ആദ്യ പുരസ്കാരം. എസ്ഐബി നേടുന്ന രണ്ടാമത് അന്തർദേശീയ പുരസ്കാരമാണിത്. ബാങ്ക് അവതരിപ്പിച്ച ജിഎസ്ടി അടിസ്ഥാനമാക്കിയുള്ള അതിവേഗ ബിസിനസ് വായ്പാ ഡിജിറ്റൽ സേവനത്തിനാണ് ഈ പുരസ്കാരം. ആഗോള ധനകാര്യ വ്യവസായ രംഗത്ത് വേറിട്ട ഡിജിറ്റൽ ഉപഭോക്തൃ അനുഭവം സൃഷ്ടിക്കുന്നവർക്കുള്ള അംഗീകാരമായി സിംഗപൂർ ആസ്ഥാനമായ ദി ഡിജിറ്റൽ ബാങ്കർ ആണ് ഈ പുരസ്കാരം ഏർപ്പെടുത്തിയത്.ഇത്തവണ 13ാമത് ഫിനോവിറ്റി അവാർഡ്സിൽ എസ്ഐബി വീണ്ടും പുരസ്കാരം നേടി. കാർഷിക ഉപഭോക്താക്കൾക്കു പ്രത്യേകമായി മൈക്രോ എൽഒഎസ് പ്ലാറ്റ്ഫോം അവതരിപ്പിച്ചതിനാണ് ഈ അംഗീകാരം. ബാങ്കിങ്, ധനകാര്യ സേവന രംഗത്ത് നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഉപഭോക്തൃ അനുഭവവും സേവനവും മികവുറ്റതാക്കുന്നതിനാണ് ഈ പുരസ്കാരം നൽകുന്നത്. ഇത് തുടർച്ചയായ നാലാം തവണയാണ് എസ്ഐബി ഫിനൊവിറ്റി

SOUTH INDIAN Bank

അവാർഡ് സ്വന്തമാക്കുന്നതെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് സീനിയർ ജനറൽ മാനേജറും ചീഫ് ഇൻഫർമേഷൻ ഓഫീസറുമായ എ. സോണി പറഞ്ഞു.എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും മികച്ച ഡിജിറ്റൽ ബാങ്കിങ് അനുഭവം നൽകാനുള്ള ബാങ്കിന്റെ പ്രതിബദ്ധതയുടെ തെളിവാണ് ഈ ദേശീയ, അന്തർദേശീയ അംഗീകാരങ്ങളെന്നും എ സോണി പറഞ്ഞു.മികച്ച ഉപഭോക്തൃ അനുഭവം സൃഷ്ടിക്കുന്നതിൽ സൗത്ത് ഇന്ത്യൻ ബാങ്ക് എന്നും മുൻപന്തിയിലാണ്. തങ്ങളുടെ സേവനങ്ങളും പ്രവർത്തനങ്ങളും വിശ്വാസ്യതയും സാങ്കേതികവിദ്യയും സംയോജിപ്പിച്ചുള്ളതാണ്. ഈ പുരസ്കാരങ്ങൾ കൂടുതൽ മികവ് പുലർത്താനുള്ള പ്രചോദനം നൽകുന്നു. തങ്ങളുടെ പരിശ്രമങ്ങൾക്ക് ദേശീയ തലത്തിലും ആഗോള തലത്തിലും അംഗീകാരം ലഭിച്ചതിൽ അഭിമാനമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

